# എ.ആർ. രാജരാജവർമ്മയുടെ ഭാഷാസൂത്രണപദ്ധതി

**മുഹമ്മദ് ബഷീർ കെ.കെ.**
അസിസ്റ്റന്റ് പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

## പ്രബന്ധ സംഗ്രഹം

ഭാഷാസൂത്രണത്തിലെ ഘടന (corpus), പദവി (status), ആർജനം (acquisition), അന്തസ്സ് (prestige) എന്നീ മേഖലകളുടെ അടിസ്ഥാനത്തിൽ എ.ആർ.രാജരാജവർമ്മയുടെ ചിന്തയെയും മനോഭാവത്തെയും വ്യവഹാരത്തെയും വിശകലനം ചെയ്തുകൊണ്ട് മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ അദ്ദേഹത്തിന്റെ ആസൂത്രണം വഹിച്ച പങ്കിനെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ**
ഭാഷാഭിമാന ആസൂത്രണം, ഭാഷാപദവി ആസൂത്രണം, ഭാഷാർജന ആസൂത്രണം, ആസൂത്രിത ഭാഷാഭിമാനം, ഭാഷാഘടനയുടെ ആസൂത്രണം

1896-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നാട്ടുഭാഷകളുടെ സൂപ്രണ്ട് ആയി നിയമിതനായി 1918-ൽ അന്തരിക്കുന്നതുവരെയുള്ള രണ്ട് പതിറ്റാണ്ടുകാലം മാതൃഭാഷയ്ക്കുവേണ്ടി എ.ആർ. രാജരാജവർമ്മ നടത്തിയ വ്യവഹാരങ്ങളെയും അദ്ദേഹത്തിന്റെ ചിന്തയെയും മനോഭാവത്തെയും 1957-ൽ രൂപംകൊണ്ട ഭാഷാസൂത്രണം എന്ന പരികല്പനയ്ക്കകത്തു നിന്നുകൊണ്ട് വിശകലനം ചെയ്യാനാണ് ഈ പഠനം ശ്രമിക്കുന്നത്. അങ്ങനെചെയ്യുകവഴി മാതൃഭാഷാവികാസത്തെ അതിന്റെ സമഗ്രതയിൽ ദർശിച്ച ആദ്യകാല ഭാഷാസൂത്രകരിൽ പ്രധാനി എന്നനിലയിൽ എ.ആറിനെ തിരിച്ചറിയാനുമാകും. ഭാഷാസൂത്രണത്തിന്റെ പ്രധാന മേഖലകളായ ഭാഷാഘടന, ഭാഷാപദവി,

ഭാഷാർജ്ജനം, ഭാഷാഭിമാനം എന്നീ സംവർഗങ്ങൾക്കകത്ത് അദ്ദേഹത്തിന്റെ വ്യവഹാരങ്ങൾ എങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയുക വഴി ഭാഷാസൂത്രകൻ എന്ന പരികല്പനയെ സാധൂകരിക്കാനുമാവും.

ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി മുഖേന കടത്തിക്കൊണ്ടിരുന്ന ചരിത്രസന്ദർഭത്തിൽ അതിൽനിന്ന് നാമമാത്രമായ ഒരു തുക ഇന്ത്യക്കാർക്ക് വേണ്ടി ചെലവഴിക്കണമെന്ന ആവശ്യം ഉയർന്നു. ഈ പശ്ചാത്തലത്തിൽ അത് ഇന്ത്യക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവയ്ക്കാൻ ധാരണയായി. അതെങ്ങനെ ചെലവഴിക്കണമെന്ന് നിർണയിക്കാൻ നിയുക്തനായ മെക്കാളെപ്രഭു രൂപംകൊടുത്ത മെക്കാളെ മിനുട്സ് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനരേഖയായി. ഇംഗ്ലീഷിനും ഇംഗ്ലീഷ് സാഹിത്യത്തിനും ഇംഗ്ലീഷുകാരന്റെ സംസ്കാരത്തിനും പരമപ്രാധാന്യം നൽകുന്ന ഈ മിനുട്സ് അവരുടെ ഭാഷാസൂത്രണ നയരേഖയാണ്. പിന്നീട് രൂപംകൊണ്ട ഭാഷാസൂത്രണപരികല്പനയുടെ നാലു പ്രധാന മേഖലകളെയും അത് ഉൾക്കൊണ്ടിരുന്നു എന്നത് ഇപ്പോൾ അത്ഭുതമായി തോന്നാം.

1857-ൽ മദ്രാസ്, കൽക്കട്ട, ബോംബെ എന്നിവിടങ്ങളിൽ സർവകലാശാലകൾ സ്ഥാപിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചപ്പോൾ ഈ സർവകലാശാലകളുടെ അധികാരസ്ഥാനങ്ങളിലും പ്രധാന അക്കാദമിക ബോഡികളിലും ഇംഗ്ലീഷുകാർ തന്നെയായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ എല്ലാ പഠനശാഖകളുടെയും പാഠ്യപദ്ധതിയിൽ ഇംഗ്ലീഷ് ഭാഷയെയും സംസ്കാരത്തെയും ഒളിച്ചു കടത്തിയിരുന്നു. നാട്ടുഭാഷകളുടെ അഥവാ ഭാരതീയഭാഷകളുടെ പാഠ്യപദ്ധതിയും മൂല്യനിർണയവും ഇതിൽനിന്ന് മുക്തമായിരുന്നില്ല. പേരുകളിൽ അവ നാട്ടുഭാഷാശാഖകൾ ആയിരുന്നുവെങ്കിലും ഫലത്തിൽ അവയുടെ പാഠ്യപദ്ധതിയും മാർക്കും ഇംഗ്ലീഷ് ഭാഷയ്ക്കും ചരിത്രത്തിനും സാഹിത്യത്തിനും ആയി പകുക്കപ്പെട്ടിരുന്നു.1 ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് മദ്രാസ് യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരത്തെ ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജിൽ അഥവാ അന്നത്തെ മഹാരാജാസ് കോളേജിൽ 1866-ൽ നാട്ടുഭാഷാസൂപ്രണ്ടായി എ.ആർ. രാജരാജവർമ്മ നിയമിതനാകുന്നത്. മെക്കാളെയുടെ ഭാഷാസൂത്രണ നയരേഖ കൂടിയായ മിനുട്സിൽ വാർത്തെടുക്കപ്പെട്ട സർവകലാശാലാവിദ്യാഭ്യാസം അധിനിവേശസർക്കാരിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അധികാരമില്ലാത്ത, ഭരണകൂടപിന്തുണയില്ലാത്ത, ബ്രിട്ടീഷ് സർക്കാരിന്റെ

തന്നെ കേവലം ഒരു ഉദ്യോഗസ്ഥൻ ആയ എ.ആർ.രാജരാജവർമ്മ തന്റെ നാട്ടുഭാഷയായ മലയാളത്തിന്റെ വളർച്ചയെ വിഭാവനം ചെയ്യുന്നത്. അകത്തും പുറത്തും പ്രതികൂലഘടകങ്ങൾ മാത്രമുള്ള സാഹചര്യത്തിൽ മലയാളത്തെ ആന്തരികമായി അക്കാദമിക വിഷയമെന്ന നിലയിൽ ശക്തിപ്പെടുത്തുകയും ബാഹ്യമായി ഇംഗ്ലീഷ് ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയിരുന്ന പദവിയിലേക്ക് തുല്യനിലയിലുള്ള ജ്ഞാനമേഖലയായി അഥവാ വിജ്ഞാന ശാഖയായി ഉറപ്പിച്ചെടുക്കുകയും ചെയ്യണമായിരുന്നു. പരസ്പരവിരുദ്ധമായ രണ്ടു ഭാഷാസൂത്രണങ്ങളുടെ സംഘർഷത്തിന്റെയും പോരാട്ടത്തിന്റെയും ചരിത്രരേഖ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലഘട്ടം അതുകൊണ്ടുതന്നെ പ്രസക്തമായി മാറുന്നു.

### ഭാഷാഘടനയുടെ ആസൂത്രണം (Corpus Planning)

ഒരുഭാഷയുടെ ലിപിവ്യവസ്ഥയും അക്ഷരമാലയും നിജപ്പെടുത്തൽ, വ്യാകരണ നിർമ്മിതി, ഭാഷയുടെ മാനകീകരണം, നിഘണ്ടു നിർമ്മിതി, പുതിയ പദസ്വീകരണ നിയമങ്ങൾ, പുതിയ ശൈലികളും വ്യവഹാരരൂപങ്ങളും വികസിപ്പിക്കൽ, നിയമങ്ങളും മാനദണ്ഡങ്ങളും ആവിഷ്കരിക്കൽ, ഭാഷാശുദ്ധിപരിഷ്കാരങ്ങൾ, സാങ്കേതികസംജ്ഞകളുടെ ഏകരൂപത എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ വരുന്നത്.[2] ഒരർത്ഥത്തിൽ ഭാഷയുടെ ആധുനികീകരണമാണിത്.

വ്യാകരണം, വൃത്തം, അലങ്കാരം, വിവർത്തനം, ഭാഷാഗദ്യം, ഭാഷാപദ്യം തുടങ്ങിയ ഈ ഭാഷാസൂത്രണമേഖലയിലെ എ.ആറിന്റെ പരിശ്രമങ്ങളെയും അതുവഴി മാതൃഭാഷയ്ക്കു കൈവന്ന വികാസത്തെയും മനസ്സിലാക്കാൻ അദ്ദേഹത്തെക്കുറിച്ചു പഠിച്ചവർ എങ്ങനെയാണ് എ.ആറിനെ അടയാളപ്പെടുത്തിയിരിക്കുന്നതെന്നു പരിശോധിച്ചാൽ മതിയാകും.

“സംസ്കൃതമലയാളങ്ങളിൽ നവഭാവന വിടർത്തിയ കാവ്യകാരൻ, യാഥാസ്ഥിതിക പ്രവണതകളെ വെല്ലുവിളിച്ച് സഹൃദയത്വത്തിനും ആസ്വാദനപ്രക്രിയകൾക്കും പരിവർത്തനം വരുത്തിയ സാഹിത്യവിമർശകൻ; സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നിവയുടെ സമന്വയാവബോധത്തിലൂടെ കേരളത്തനിമയും മലയാളിത്തവുമുള്ള വ്യാകരണഗ്രന്ഥം ചമച്ച് ഭാഷയ്ക്ക് അടിത്തറയുണ്ടാക്കിയ വൈയാകരണൻ, ഗദ്യ-പദ്യശൈലികളുടെ വിശകലന നിർധാരണങ്ങളിലൂടെ മലയാളഭാഷാശൈലീവിജ്ഞാനത്തിനു തുടക്കം കുറിച്ച ഭാഷാമീമാംസാകാരൻ, കാവ്യഭാഷയുടെ ശക്തിസൗന്ദര്യങ്ങൾക്കു നിദാനമായ പ്രകരണങ്ങളും ഉപാധികളും ലക്ഷ്യലക്ഷണ സമന്വയം ചെയ്ത് അവതരിപ്പിച്ച

സൗന്ദര്യശാസ്ത്രകാരൻ, മലയാളിയുടെ സംസ്കൃതഭാവുകത്വത്തെയും ദ്രാവിഡ ഭാവുകത്വത്തെയും തിരിച്ചറിഞ്ഞ് നാളതുവരെയുള്ള ഛന്ദസ്സുകളെ വേർതിരിച്ച് വിശകലനം ചെയ്ത ഛന്ദശ്ശാസ്ത്രകാരൻ ഇങ്ങനെ എത്രയോനിലകളിൽ എ.ആറിനോട് മലയാളി കടപ്പെട്ടിരിക്കുന്നു." (ദേശമംഗലം രാമകൃഷ്ണൻ, അവതാരിക, എ.ആർ. വിജ്ഞാനീയം)

"ഭാഷയ്ക്ക് ഉറച്ച അടിസ്ഥാനമിട്ട വൈയാകരണൻ, ഭാഷാവൃത്തങ്ങളെ തേടിപ്പിടിച്ച് അവയുടെ രൂപവും ബന്ധവും ക്രമീകരിച്ച പണ്ഡിതൻ, പുതിയ സാഹിത്യപ്രസ്ഥാനങ്ങളുടെ പുരസ്കർത്താവ്, കവി, ഭാഷയുടെ ഭാവിവളർച്ചയ്ക്ക് വഴിവെട്ടിത്തെളിച്ചു കൊടുത്ത മാർഗ്ഗദർശകൻ ഇങ്ങനെ പലതുകൊണ്ടു നോക്കിയാലും മറ്റു ചുരുക്കം ചിലർക്കുമാത്രം അർഹതയുള്ള അത്യുന്നതപദമാണ് അദ്ദേഹത്തിനു മലയാളഭാഷാചരിത്രത്തിൽ അവകാശപ്പെടാവുന്നത്." (സർദാർ കെ.എം. പണിക്കർ, എ.ആർ. രാജരാജവർമ്മ എന്ന ജീവചരിത്രകൃതിയുടെ രണ്ടാം വാല്യത്തിന്റെ അവതാരിക).

"അദ്ദേഹത്തെ ഭാഷയെ സംബന്ധിച്ചിടത്തോളം ഒരു ശാസ്ത്രകാരനെന്ന നിലയിലാണ് കേരളീയർ പൊതുവേ ആത്യധികമായി ആരാധിക്കുന്നതും ആരാധിക്കേണ്ടതും. സാഹിത്യകൃതികൾ മിക്കവാറും വിവർത്തിതങ്ങളാണെന്നു പറയേണ്ടതില്ലല്ലോ" (ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, വാല്യം 2.)

"മറ്റുള്ളവർ ഭാഷാസാഹിത്യ സൗധത്തിന്റെ ഭിത്തികളിൽ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതി മൂർധന്യൻ അതിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ച് അതിന് ശാശ്വതപ്രതിഷ്ഠനല്കി കേരളീയരെ ആകമാനം അനുഗ്രഹിച്ചു" (കേരള സാഹിത്യചരിത്രം, 2017: 720).

"കേരളപാണിനീയം തൊട്ടുള്ള കൃതികളാൽ മലയാളഭാഷയ്ക്കു നാൾവഴിയും പേരേട്ടും ഏർപ്പെടുത്തിയ ഒരു മഹാവൈയാകരണനായിട്ടേ രാജരാജനെ കാണാറുള്ളൂ. ആ കാഴ്ചപ്പാടിൽ തെറ്റില്ല" (മുണ്ടശ്ശേരി, രാജരാജന്റെ മാറ്റൊലി, പുറം 19).

സാഹിത്യസാഹ്യത്തെക്കുറിച്ച് മുണ്ടശ്ശേരി:
"കടുകട്ടി സംസ്കൃതശബ്ദങ്ങൾ ചേർത്ത് എഴുതുന്ന ഗദ്യം മാത്രം പണ്ഡിതന്മാർ ശ്രദ്ധിച്ചിരുന്ന കാലത്താണ് എ.ആർ. സാഹിത്യസാഹ്യമെന്ന ഗദ്യരചനയ്ക്കു മാർഗനിർദേശം നല്കുന്ന മലയാളത്തിലെ ആദ്യകൃതിയുമായി രംഗത്തുവന്ന് മലയാളത്തിന്റെ മാതൃകാശില്പിയാവുന്നത്. 'സംസ്കൃതക്കാർക്കിടയിൽ ചാടിവീണ് ആ സംസ്കൃത പ്രജാപതി ഇംഗ്ലീഷിന്റെയും സംസ്കൃതത്തിന്റെയും ഇടയ്ക്കുനിന്നു മധ്യസ്ഥത പറഞ്ഞു മലയാളത്തിന്റേതായൊരു ഗദ്യശൈലിക്കു

വരിയോല എഴുതിവച്ചപ്പോൾ അതായിത്തീർന്നു പിന്നീടെല്ലാവർക്കും പ്രമാണം". (രാജരാജന്റെ മാറ്റൊലി, 1978:43).

അപ്പൻതമ്പുരാൻ സാഹിത്യസാഹ്യത്തെക്കുറിച്ച്:
"കേരളപാണിനീയം ശബ്ദനിയമങ്ങളെ വ്യവസ്ഥാപിച്ചു. പദ്യകൃതികളെ നിയമനം ചെയ്തുകൊണ്ട് ഭാഷാഭൂഷണം പിൻതുടർന്നു. ഗദ്യപദ്യോഭയമായ സാഹിതിയിൽ ഗദ്യപ്രബന്ധങ്ങളും ഗദ്യമിശ്രിതങ്ങളായ പദ്യകൃതികളും മാത്രമേ യാതൊരു നിബന്ധനകൾക്കും കീഴടങ്ങാതെ കളിച്ചിരുന്നുള്ളു. പ്രകൃതഗ്രന്ഥമായ സാഹിത്യസാഹ്യംകൊണ്ട് ഗദ്യകൃതികൾക്കും ഗതിയുണ്ടായി" (സാഹിത്യസാഹ്യം, 1989: 7).

വിദ്യാർത്ഥികളുടെ ഗദ്യരചനാശേഷിയെ ലക്ഷ്യമാക്കി രചിച്ച പാഠപുസ്തകമാണ് സാഹിത്യസാഹ്യം. ശ്രീ. കുറ്റിപ്പുഴ കൃഷ്ണപിള്ളയാണ് സാഹിത്യസാഹ്യത്തിന്റെ പാഠം എഡിറ്റു ചെയ്തത്. അദ്ദേഹം പറയുന്നുണ്ട്: 'പ്രൊഫസർ രാജരാജവർമ്മത്തമ്പുരാൻ മലയാളഭാഷയെ ശാസ്ത്രീയാടിസ്ഥാനത്തിൽ വ്യവസ്ഥപ്പെടുത്തുന്നതിനു നിർമ്മിച്ച പ്രമാണഗ്രന്ഥങ്ങളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നതും സാർവകാലിക മൂല്യമുള്ളതുമായ ഒരു സമുൽകൃഷ്ട കൃതിയാണ് സാഹിത്യസാഹ്യം' (എ.ആർ. വിജ്ഞാനീയം, 2017: 21). മലയാളത്തിന്റെ ഗദ്യരചനാരീതി എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് സാഹിത്യസാഹ്യത്തിലൂടെ മാതൃക കാണിച്ചെങ്കിലും ഭാഷോന്നമനത്തിന് സഹായകമായ ഗദ്യരചനാരീതിയെ മാനകീകരിക്കുന്നതിൽ പിന്നെയും വെല്ലുവിളികൾ നിലനിന്നിരുന്നു. മാതൃഭാഷയുടെ ശീലങ്ങൾക്ക് അനുസൃതമായി ഗദ്യരചനാരീതി മുന്നോട്ടുപോകണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം. സംസ്കൃതവ്യാകരണനിയമങ്ങൾ അനുസരിച്ച് മലയാളമെഴുതുന്ന ശീലം ചിലർ ഉപേക്ഷിച്ചിരുന്നില്ല. ഇതിനെ വിമർശിച്ചുകൊണ്ട് ഭാഷാപോഷിണിയിൽ സംസ്കൃത പദപ്രയോഗം എന്ന പേരിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. "സംസ്കൃത വ്യാകരണനിയമങ്ങളെ കഴിവുള്ള ഇടങ്ങളിലൊക്കെയും മലയാളത്തിൽ അനുകരിക്കേണ്ടതാണെന്നു മുമ്പ് പലർക്കും ഇപ്പോൾ ചിലർക്കും ഉള്ള നിർബന്ധം അത്ര ദൂരത്തല്ലാത്ത ഒരു ഭാവിയിൽ കഥാവശേഷമാകുന്നതാണ്. ആയതിനാൽ വർജ്ജ്യങ്ങളെ എത്രയും മുൻകൂട്ടി വർജിക്കുന്നവർ, ഭാഷോന്നമനത്തെ സഹായിക്കുന്നവരാണെന്നു പ്രശംസയെ അർഹിപ്പാനല്ലാതെ മാർഗ്ഗമില്ല."[3]

സ്കൂൾ, കോളേജ് ക്ലാസുകളിൽ ഉപഭാഷയായി മലയാളം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ രചിച്ച കൃതിയാണ്

ശബ്ദശോധിനി. സ്വദേശാഭിമാനിയുടെ ശ്രീമൂലപാഠമഞ്ജരി എന്ന പരമ്പര യിലെ ആദ്യപുസ്തകം (1902). പ്രൈമറിക്ലാസിലെ കുട്ടികൾക്കുവേണ്ടി (1906) പ്രഥമവ്യാകരണവും, മിഡിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി (1907) മധ്യമവ്യാകര ണവും എ.ആർ. രചിച്ചു.

**കേരളപാണിനീയം**

നൂറ്റാണ്ടു പിന്നിടുമ്പോഴും പകരംവെക്കാൻ മറ്റൊന്നില്ലാത്ത ആധികാ രികവും ആഗമികവും വിവരണാത്മകവുമായ ക്ലാസിക് കൃതിയാണ് കേര ളപാണിനീയം. ദക്ഷിണേന്ത്യൻ ഭാഷകളിൽ ഒരു തദ്ദേശീയൻ ആദ്യമായി നടത്തുന്ന വസ്തുനിഷ്ഠപഠനം എന്നനിലയിൽ കേരളപാണിനീയത്തിന് അനന്യമായ പദവിയുണ്ടെന്ന് എൽ.വി. രാമസ്വാമി അയ്യർ പറയുന്നു. മലയാളത്തിന് തനതായ സംസ്കാരമില്ലെന്നും അതു പില്ക്കാല തമിഴിന്റെ 'അപഭ്രംശം' മാത്രമാണെന്നുമുള്ള അറിവുകെട്ട പ്രാദേശികവാദം പൊളിച്ചുവിട്ട തും കേരളപാണിനീയമാണെന്ന് എൽ.വി. രാമസ്വാമി അയ്യർ നിരീക്ഷിക്കുന്നു[4]. മലയാളഭാഷാചരിത്രരചനയ്ക്ക് ശാസ്ത്രീയമായ അടിത്തറയിട്ടത് കേരളപാണിനീ യമാണെന്ന് എസ്.വി. ഷൺമുഖവും കാൽഡ്വെലിന്റെ താരതമ്യവ്യാകരണം പ്രയോജനപ്പെടുത്തിയ ആദ്യത്തെ ദ്രാവിഡവ്യാകരണമാണ് എ.ആറിന്റെ കേരളപാണിനീയമെന്ന് ടി.ബി. വേണുഗോപാലപ്പണിക്കരും നിരീക്ഷിക്കുന്നു (കേരളപാണിനീയ വിജ്ഞാനം, 2017:10). അടിസ്ഥാനവ്യാകരണ സങ്കല്പ ങ്ങളിലെ നൂതനത്വം, വ്യാവസ്ഥീകരണ, വർഗീകരണങ്ങളിലെ മൗലികത്വം, അവതരണശൈലിയിലെ ആർജ്ജവം എന്നിവയിൽ മുമ്പും പിമ്പുംവന്ന വ്യാ കരണങ്ങളെക്കാൾ മെച്ചപ്പെട്ട കൃതിയാണ് കേരളപാണിനീയമെന്ന് കെ.എം. പ്രഭാകരവാരിയരും അഭിപ്രായപ്പെടുന്നു (കേരളപാണിനീയ വിജ്ഞാനം, 2017: 12). ഭാരതീയ, ദ്രാവിഡ, പാശ്ചാത്യ, പാരമ്പര്യരീതികൾ സമന്വയിപ്പിച്ചാണ് കേരളപാണിനീയം തയ്യാറാക്കിയിരിക്കുന്നത്. ഇങ്ങനെ മലയാളവ്യാകര ണത്തിന് നവീനമായൊരു രീതിശാസ്ത്രം എ.ആർ. വികസിപ്പിച്ചെടുത്തു. ബ്ലൂം ഫീൽഡിന്റെ വിവരണാത്മകവ്യാകരണത്തേക്കാൾ കേരളപാണിനീയത്തി നാണ് മേന്മകൂടുതലെന്ന് ഇ.വി.എൻ. നമ്പൂതിരി നിരീക്ഷിക്കുന്നുണ്ട് . മലയാ ളഭാഷാ ചരിത്രാന്വേഷണത്തിന്റെ പ്രോദ്ഘാടകനായി കേരളപാണിനിയെ എസ്.വി. ഷൺമുഖം അടയാളപ്പെടുത്തുന്നു[5]. ഭാഷയുടെ സർഗാത്മകതയെ കേരളപാണിനീയം ഉൾക്കൊള്ളുന്നുണ്ടെന്ന് കർത്തരി-കർമ്മണി വ്യാകര ണചർച്ച തെളിയിക്കുന്നു. പീഠികകളിലും കാരികകളിലും അദ്ദേഹത്തിന്റെ സർഗാത്മകതയും കൂടുതലായി പ്രതിഫലിക്കുന്നു.

ബെഞ്ചമിൻ ബെയ്‌ലിയിലൂടെയും ഹെർമൻ ഗുണ്ടർട്ടിലൂടെയും അച്ചടിയുമായി ബന്ധപ്പെട്ടു വികസിച്ചുവന്ന മലയാളലിപി മാനകീകരണത്തിന്റെ തുടർച്ച എ.ആറിലൂടെ മുന്നോട്ടു പോകുന്നതായികാണാം. മലയാളഭാഷയുടെ ലിപിവ്യവസ്ഥയെ മാനകീകരിച്ചെടുക്കുന്നതിൽ ധാരാളം വെല്ലുവിളികളെ എ.ആർ. രാജരാജവർമ്മയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. മലയാളഭാഷയുടെ പൈതൃകത്തെയും അനുശീലനങ്ങളെയും പരിഗണിക്കാതെ മലയാളലിപി പരിഷ്കരിക്കണമെന്ന കൊളോണിയൽ ആവശ്യത്തെ രാജരാജവർമ്മ വളരെ യുക്തിസഹമായി പ്രതിരോധിക്കുന്നത് ലിപിവിന്യാസം എന്ന ലേഖനത്തിൽ നമുക്കു വായിച്ചെടുക്കാം. നമ്മുടെ ഭാഷയിലെ എഴുത്തും ഉച്ചാരണവും തമ്മിലുള്ള വ്യത്യാസത്തെ മുൻനിർത്തിയായിരുന്നു ഈ ആവശ്യം ഉയർന്നത്. അതായത് സ്വരചിഹ്നം എഴുത്തിൽ മുന്നിലും ഉച്ചാരണത്തിൽ പിന്നിലുമാവുന്ന (ഉദാ: കെ, കൊ, കൈ etc.) പ്രശ്നം. ഡബ്ലിയു.എ. റിച്ചാർഡ്സാണ് മലയാളലിപി പരിഷ്കരിക്കണമെന്നു പറഞ്ഞുകൊണ്ടും സ്വരചിഹ്നങ്ങൾക്കൊപ്പം ചില കുത്തുകൾ ഇട്ടുകൊണ്ടും പുതിയ ചിഹ്നവ്യവസ്ഥ ആവിഷ്കരിക്കാൻ ശ്രമിച്ചത്. എന്നാൽ എ.ആർ. ലിപിവിന്യാസം[6] എന്ന ലേഖനത്തിലൂടെ ഇത്തരം നീക്കങ്ങളെ സമർത്ഥമായി തടയുന്നതും കാണാം.

വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ച ഭാഷാഭൂഷണവും വൃത്തമഞ്ജരിയും യഥാക്രമം അലങ്കാര-വൃത്തശാസ്ത്രമേഖലയിലുണ്ടായ ഭാഷയിലെ ആദ്യ കൃതികളാണ്. ഗവേഷണാത്മക നിരൂപണത്തിന്റെ ആദ്യമാതൃകയാണ് കാന്താരതാരകം. കാന്താരതാരകത്തെ തുടർന്നെഴുതുന്ന അവതാരികകളും വ്യാഖ്യാനപഠനങ്ങളും ലേഖനങ്ങളുമാണ് എ.ആറിനെ മലയാളനിരൂപണത്തിന്റെ നവോത്ഥാനശില്പിയാക്കുന്നത്. കാന്താരതാരകത്തിന്റെ ഗവേഷണാത്മകരീതിശാസ്ത്രമാണ് പിന്നീട് സാഹിത്യപഞ്ചാനനൻ തന്റെ വിമർശനത്രയം എന്ന കൃതിയിൽ സ്വീകരിക്കുന്നത്.

ഔപചാരികമായും അനൗപചാരികമായും ഉള്ള സംവിധാനങ്ങൾ ഉപയോഗിച്ചും നേതൃത്വം കൊടുത്തുമാണ് ഭാഷാപ്രയോഗത്തിൽ ശരിരൂപങ്ങളെ ഉറപ്പിച്ചെടുത്തുകൊണ്ട് കാനോനീകരണത്തെ ശക്തിപ്പെടുത്തുന്നത്. വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ച,[7] 'സഭോദ്ദേശ്യസിദ്ധി' തെറ്റില്ലാത്ത ഭാഷാരചനയെ ലക്ഷ്യമാക്കി പ്രവർത്തിച്ച സമാജത്തിന്റെ യോഗമിനുട്സാണ്. യോഗമിനുട്സു മുതൽ മലയാളപരീക്ഷയുടെ ചോദ്യപ്പേപ്പറുകൾ[8] വരെ അന്നത്തെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചുകൊണ്ട് സോഷ്യൽ

ഓഡിറ്റിങ്ങിന് വിധേയമാക്കിയിരുന്നുവെന്നത് എ.ആറിന്റെ ഭാഷാസൂത്രണപദ്ധതിയുടെ ആഴവും വ്യാപ്തിയും വ്യക്തമാക്കുന്നു.

## 2. ഭാഷാപദവി ആസൂത്രണം (Status Planning)

ഭാഷാസൂത്രണത്തിലെ ഏറ്റവും വെല്ലുവിളിനിറഞ്ഞ മേഖലയാണിത്. ബഹുഭാഷകളും വിവിധ ഭാഷാഭേദങ്ങളും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഏത് ഭാഷ ഔദ്യോഗികഭാഷയാകണം? ഏതു ഭാഷ ദേശീയഭാഷയാകണം? ഏതെല്ലാം ഭാഷകൾക്ക് ഭരണഘടനാപദവി നൽകണം? ന്യൂനപക്ഷ ഭാഷകളോടുള്ള സമീപനം എന്തായിരിക്കണം?എന്നിവ നിർണയിക്കുന്ന ഔദ്യോഗിക നയനിലപാടുകളുടെ രാഷ്ട്രീയത്തെയാണ് ഈ മേഖല അഭിമുഖീകരിക്കുന്നത്.[9] പ്രബലസംസ്കാരങ്ങൾ, അധിനിവേശങ്ങൾ, അവഗണനകൾ. സാമൂഹിക ഉച്ചനീചത്തങ്ങൾ, രാജ്യാതിർത്തിയും ഭാഷാതിർത്തിയും, അധികാരത്തെസ്വാധീനിക്കുന്ന വിവിധ പ്രത്യയശാസ്ത്രങ്ങൾ എന്നിവയെല്ലാം ചേർന്ന് സങ്കീർണ്ണമാക്കുന്ന ബലതന്ത്രങ്ങളുടെ സാമൂഹിക, സാംസ്കാരിക ഭൂമികയാണിത്. ഭാഷയുടെ പുനരുജ്ജീവനം, വീണ്ടെടുപ്പ്, പരിപാലനംമുതൽ ഭാഷയുടെ ദേശാന്തരതയുടെയും അന്തർദേശീയതയുടെയും തലങ്ങൾവരെ ഉള്ളടങ്ങുന്ന വിധത്തിൽ വിപുലമാണ് ഈ മേഖലയുടെ അതിരുകൾ.

പ്രബന്ധസംഗ്രഹത്തിൽ ഉൾപ്പെടുത്തിയതും ചേദ്യോത്തരരീതിയിൽ സംവിധാനം ചെയ്തതുമായ 'മലയാള ഭാഷാപോഷണം'[10] എന്ന ലേഖനത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യയനമാധ്യമം, ഔദ്യോഗിക ഭാഷ, കോടതിഭാഷ, ഇംഗ്ലീഷ് മാധ്യമവിദ്യാലയങ്ങളിലെ ഭാഷാപഠനം, മാതൃഭാഷാവിദ്യാഭ്യാസം നേടിയവരുടെ തൊഴിലവസരം, മാതൃഭാഷയെ വിജ്ഞാനഭാഷയെന്ന നിലയിൽ സമകാലികമായി നിർത്താനുള്ള മാർഗ്ഗം എന്നിവ വിശദമാക്കുന്നുണ്ട്. ഭാഷാപഠനം മുതൽ തൊഴിൽ ലഭ്യതവരെയും സമകാലികവിജ്ഞാനത്തെ കാലികമായി സ്വാംശീകരിക്കാൻ കഴിയുന്ന വിധത്തിൽ ഭാഷയെ സജ്ജമാക്കി നിലനിർത്തൽവരെയും ഉൾക്കൊള്ളുന്നതായിരുന്നു അദ്ദേഹത്തിന്റെ ഭാഷാദർശനം എന്ന് സുവ്യക്തമാക്കുന്ന എ.ആറിന്റെ വാക്കുകൾ അതേപടി ഉദാഹരിക്കാം,

... ഉയർന്നതരം വിദ്യാഭ്യാസം ഭാഷയിൽ ഏർപ്പെടുത്തണം, എന്നാൽ ഭാഷയ്ക്കു പുറമേ ചരിത്രങ്ങൾ, ഭൂമിശാസ്ത്രം, കണക്ക്, രസതന്ത്രം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങളിൽ സാമാന്യജ്ഞാനം ഉണ്ടാകത്തക്കവിധം ആ വക വിഷയങ്ങൾ മലയാള ഭാഷയിൽ തന്നെ പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യണം.

ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് (മാതൃഭാഷയിൽ പഠിച്ചവർക്ക്) ഏതെങ്കിലും ക്രമമനുസരിച്ച് ഗവൺമെന്റ് ഉദ്യോഗങ്ങളിൽ പ്രവേശം അനുവദിക്കണം. ഇപ്പോഴുള്ള 'സ്കൂൾ ഫൈനൽ' മുതലായ പരീക്ഷകളെപ്പോലെ തന്നെ, മേൽക്കാണിച്ച ഭാഷാവിദ്യാഭ്യാസപരീക്ഷയും ഗണിക്കണം.

ആ വക സ്കൂളുകളിൽ (ഇംഗ്ലീഷ് സ്കൂളുകളിൽ) മലയാളം പഠിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രത്യേകിച്ചു വേണ്ട പരിഷ്കരണങ്ങൾ ചെയ്യുന്നതിനും തക്കതായ ഏർപ്പാട് ഉണ്ടാക്കണം.

അത്യാവശ്യമുള്ള റിക്കാർട്ടു (സർക്കാർ ഫയലുകൾ) കളൊഴിച്ചു ശേഷമെല്ലാം മലയാളത്തിൽ ആക്കണമെന്നു നിർബന്ധം ഉണ്ടായിരിക്കണം. കോടതികളിലെ വിധി, വിധിന്യായങ്ങൾ, ഉദ്യോഗസ്ഥന്മാർക്കും മറ്റും അയക്കുന്ന കല്പനകൾ മുതലായതു മലയാളത്തിൽ ആകണമെന്നുവരുമ്പോൾ ആ വക ഉദ്യോഗസ്ഥന്മാർ അവശ്യം ഭാഷയിൽ പരിചയിക്കുകയും അതു നിമിത്തം ഭാഷയ്ക്കു പല ഗുണങ്ങളും ഉണ്ടാകുകയും ചെയ്യും. ആവശ്യമായിവരുന്ന 'റിക്കാർട്ടുകൾ' ഇംഗ്ലീഷിലേയ്ക്കു തർജ്ജമ ചെയ്‌വാൻ ഏർപ്പാടുണ്ടായാൽ മതിയാകുന്നതാണ്.

... ആ വക പുസ്തകങ്ങൾ (ശാസ്ത്രപുസ്തകങ്ങൾ) ഉണ്ടാക്കിച്ചു പ്രസിദ്ധം ചെയ്യുന്നതിനായി കൊല്ലംതോറും ഒരു സംഖ്യ ഗവൺമെന്റിൽനിന്ന് അനുവദിക്കുകയും ഏതേതെല്ലാം വിഷയങ്ങളിൽ ഏതേതുതരം പുസ്തകങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നും മറ്റും ആലോചിക്കുന്നതിനും ആ വക കാര്യങ്ങൾ നടത്തുന്നതിനും, ആയി ഒരു 'കമ്മിറ്റി' ഏർപ്പെടുത്തുകയും വേണം. അങ്ങനെ ഉണ്ടാക്കുന്ന പുസ്തകങ്ങളും, ഭാഷയേപ്പറ്റി നല്ല അറിവ് ഉണ്ടാക്കുന്ന പുസ്തകങ്ങളും, പാഠപുസ്തകങ്ങളാക്കി, മേൽപ്പറഞ്ഞ കമ്മിറ്റിക്കാരുടെ അധീനത്തിലോ മറ്റോ ഒരു പരീക്ഷ നിശ്ചയിക്കുകയും, ഏറ്റവും ഉയർന്ന ഉദ്യോഗം ഒഴികെ മറ്റു ഗവൺമെന്റ് ഉദ്യോഗങ്ങൾക്കെല്ലാം ആ പരീക്ഷയിൽ വിജയിച്ചവരെ മാത്രം അർഹതയുള്ളവരായി ഗണിക്കയും വേണം.

ഇന്നത്തെ കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ആശയാവിഷ്കാരം എ.ആറിന്റെ ആസൂത്രണപദ്ധതിയുടെ സാക്ഷാത്കാരം ആണെന്നു കാണാം. ശാസ്ത്രവിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവർ തങ്ങൾ പഠിച്ച കാര്യങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്താൽ തീരുന്നതേയുള്ളൂ മലയാളത്തിലെ ശാസ്ത്രവിജ്ഞാനത്തിന്റെ പരിമിതി എന്ന് എ.ആർ. ഓർമപ്പെടുത്തുകയും അതു ചെയ്യാതിരിക്കുന്നത് തികഞ്ഞ സ്വർത്ഥതയാണെന്ന് വിമർശിക്കുകയും ചെയ്തിരുന്നു.[11] ടി.കെ.

കൃഷ്ണമേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ഒ.എം. ചെറിയാൻ, കൃഷ്ണൻ പണ്ടാല എന്നിവരെക്കൊണ്ട് ഗ്രന്ഥരചന നടത്തിക്കുകയും സാങ്കേതികപദ നിർമ്മാണത്തിൽ അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്തിരുന്നു എ.ആർ.

ഭാഷാനയം

വൃത്താലങ്കാരപാഠപുസ്തകത്തിലും വ്യാകരണത്തിലും സംസ്കൃത മാതൃകകളെ കുറച്ചൊക്കെ പിൻപറ്റിയ എ.ആർ. ഭാഷാഗദ്യത്തിന്റെ വളർച്ചയ്ക്ക് ഇംഗ്ലീഷിനെ ആണ് ആശ്രയിക്കേണ്ടത് എന്ന് സാഹിത്യസാഹ്യത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കിയിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ മാതൃകയാക്കി സംസ്കൃതം കലർന്ന ഗദ്യശൈലിയിലേക്ക് പോയിക്കൊണ്ടിരുന്ന ഭാഷാഗദ്യത്തെ അതിൽനിന്ന് മോചിപ്പിച്ചത് എ.ആറിന്റെ ഇടപെടലുകളാണ്. ഇതേക്കുറിച്ച് മുണ്ടശ്ശേരി പറയുന്നു.

"1108-ൽ തൃശ്ശിവപേരൂർ വെച്ചുനടന്ന സാഹിത്യപരിഷത്തിന്റെ രണ്ടാം സമ്മേളനത്തിൽ അധ്യക്ഷതവഹിച്ച ശ്രീ. മൂർക്കോത്ത് കുമാരൻ കേരളവർമ്മപാരമ്പര്യത്തിന്റെ ആപൽക്കരമായ സ്വാധീനശക്തിയെക്കുറിച്ചു പറഞ്ഞതു ഞാനിന്നുമോർക്കുന്നു. 'പദ്യകാവ്യം മാത്രമല്ല ഗദ്യകാവ്യവും സംസ്കൃതമയമാകുവാൻ 'അക്ബർ' എന്ന ആഖ്യായിക ഗതാനുഗതികന്മാരെ പ്രേരിപ്പിച്ചു. സാഹിത്യസാമ്രാജ്യത്തിലെ ചക്രവർത്തിയായി പ്രശോഭിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാനെ മറ്റുള്ളവർ അനുകരിപ്പാൻ ശ്രമിക്കുന്നതിൽ എന്താണത്ഭുതം? എന്നുമാത്രമല്ല, ലളിതഭാഷയിൽ അർത്ഥപുഷ്ടിയോടുകൂടി എഴുതി ഫലിപ്പിക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞതു ഘടഘടായമാനമായ സംസ്കൃതപ്രയോഗം കൊണ്ടു വായനക്കാരെ ഭേദിക്കുന്ന വിദ്യയായിരുന്നതിനാൽ പണ്ഡിതന്മാർ ഗദ്യപ്രബന്ധത്തിലും സംസ്കൃതം വളരെ കുത്തിച്ചെലുത്തിത്തുടങ്ങി."

അദ്ദേഹം തുടർന്നെഴുതുന്നു:

"ഗതാനുഗതികത്വത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചുള്ള ഈ പോക്കിനെ നിറഞ്ഞ ചങ്കൂറ്റത്തോടെ പിടിച്ചു നിറുത്തിയതാരാണെന്നും ശ്രീ. മൂർക്കോത്ത് വെട്ടിത്തുറന്നു പറയുകയുണ്ടായി. അത് ഇപ്രകാരമാണ്: "കേരളഭാഷയെ സംസ്കൃതത്തിന്റെ അടിമയാക്കുവാൻ, അറിഞ്ഞോ അറിയാതെയോ, ചെയ്ത പരിശ്രമത്തിൽനിന്നു കേരളകാളിദാസനെ കേരളപാണിനി പിടിച്ചുനിറുത്തിയിരുന്നില്ലെങ്കിൽ ഭാഷയ്ക്ക് ഇന്നുണ്ടായിരുന്ന ഗതി എന്താകുമെന്ന് ഏകദേശം ഊഹിക്കാം."

ഫോർത്ത് ഫോറം വിദ്യാർഥികൾക്ക് എ.ആർ. തയ്യാറാക്കിയ പാഠപുസ്തകത്തിൽനിന്ന് ഭാഷാഗദ്യരചനയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം എസ്.ഗുപ്തൻനായർ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു:
"ഗ്രന്ഥനിർമാണത്തിനു പുറപ്പെടുമ്പോൾ നിങ്ങൾ ഒന്നാമതായി ചെയ്യേണ്ടത് നിങ്ങൾക്ക് എന്താണ് വായനക്കാരെ അറിയിക്കാൻ ഉള്ളതെന്ന് സ്വയമേ അറിഞ്ഞിരിക്കയാകുന്നു. രണ്ടാമത് ആയതിനെ വളച്ചുകെട്ടുകൂടാതെ നേരെ ചൊല്ലുകയാകുന്നു... മൂന്നാമതു നിങ്ങൾ നിത്യം ഉപയോഗിക്കുന്ന ഭാഷാരീതിയെ ആദരിക്കണം".[12]

തിരുവിതാംകൂർരാജ്യത്തിന്റെ അതിർത്തിക്കകത്തു നിന്നുകൊണ്ട് മലയാളരാജ്യത്തെ വിഭാവനം ചെയ്യുന്നതിൽത്തന്നെ മലയാളി എന്ന വിശാലദേശീയതയുടെ പൊതുഘടനയിലേക്കുള്ള സഞ്ചാരം ഉണ്ട്. ഇതാകട്ടെ ഇതാദ്യം വിഭാവനം ചെയ്ത മക്തിതങ്ങളുടെ തുടർച്ച തന്നെയാണ്.[13] കേരളം ഉണ്ടായില്ലെങ്കിലും മലയാളരാജ്യത്തെ മുഴുവൻ അഭിമുഖീകരിച്ചുകൊണ്ടായിരുന്നു എ.ആറിന്റെ വ്യവഹാരങ്ങൾ എന്ന് കാണാവുന്നതാണ്.

### ഭാഷാർജന ആസൂത്രണം (Acquisition Planning)

ഭാഷയെ നിരന്തരമായി നവീകരിച്ച് സമകാലികമായി നിലനിർത്താനുള്ള ആസൂത്രണമാണിത്. ഭാഷയുടെ വിദ്യാഭ്യാസ ധർമ്മത്തിനാണ് മുഖ്യപരിഗണന. പഠനം, ബോധനം, മൂല്യനിർണയം, അധ്യയനമാധ്യമം, പാഠ്യപദ്ധതി, സാങ്കേതികപദനിർമ്മിതി, അച്ചടി, പ്രാപ്യത, ലഭ്യത, ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ, രീതിശാസ്ത്രം, ഗവേഷണം; ഒന്നാംഭാഷ, രണ്ടാംഭാഷ, വിദേശഭാഷ തുടങ്ങിയവയുടെ സ്ഥാനം, വിഭവസമാഹരണം, ഭാഷാപരിപാലനം എന്നിവയുടെയൊക്കെ ആസൂത്രണവും നയരൂപീകരണവും ഈ മേഖലയുടെ പ്രധാന പരിഗണനാവിഷയമാണ്. മലയാളഭാഷാപഠനത്തിന്റെ വളർച്ചയെ എ.ആർ. രാജരാജവർമ്മ എത്രമാത്രമാണ് വിഭാവനം ചെയ്തിരുന്നതെന്ന് യൂണിവേഴ്സിറ്റി കോളേജിന്റെ കനകജൂബിലി ആഘോഷത്തിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ദർശിക്കാം.

"ഒരു വടവൃക്ഷം ബീജത്തിൽനിന്നങ്കുരിച്ച്, തടിവിരിഞ്ഞു വളർന്നുവന്നു ശാഖോപശാഖയായി പരന്ന് അടുത്ത ആകാശദേശത്തെ ആക്രമിച്ച് വ്യാപിക്കും പോലെ, ക്രമോപചീയമാനമായ ദശയിലാണ് നാം നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ ഗതിയെ അതിൽനിന്നു കാണുന്നത്."[14]

1896-ൽ എ.ആർ. മഹാരാജാസ് കോളേജിൽ നിയമിതനാവുമ്പോൾ എഫ്.എ. കോഴ്സിലെ നിർബന്ധിതമായ രണ്ടാംഭാഷ എന്ന നിലയിലുള്ള

മലയാളപഠനവും മലയാളം ഐച്ഛികമല്ലാത്ത ബി.എ. പാസ് കോഴ്സിലെയും ഓണേഴ്സ് കോഴ്സിലെയും Two Languages other than English എന്ന നിലയിൽ തെരഞ്ഞെടുത്തു പഠിക്കാവുന്ന ഒരു ഭാഷയായുള്ള മലയാളപഠനവും ആയിരുന്നു ഉണ്ടായിരുന്നത്. മതിയായ പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന പലതും സമഗ്രമോ നിലവാരമുള്ളതോ ആയിരുന്നുമില്ല. ഭാഷാ ശാസ്ത്രം, വ്യാകരണം, സാഹിത്യസിദ്ധാന്തം തുടങ്ങിയവയുടെ പാഠപുസ്തകങ്ങൾ ഗെയ്റ്റ്വൈറ്റ്, കാൽഡ്വെൽ, ഗുണ്ടെ, സ്റ്റീവൻസൺ തുടങ്ങിയ ഇംഗ്ലീഷുകാരു ടേതുമായിരുന്നു. ഒന്നാംഭാഷ ഇംഗ്ലീഷും ഭാരതീയഭാഷകൾ രണ്ടാംഭാഷയും ആക്കിയതിന്റെ ചരിത്രം തുടങ്ങുന്നത് ഇക്കാലത്താണെന്ന പി.പി. പ്രകാ ശന്റെ നിരീക്ഷണം ഇതോട് ചേർത്തു വായിക്കാവുന്നതാണ്.[15] ഒരേസമയം ഒരുപാട് തലത്തിൽ ഇടപെട്ടും സമാന്തരമായി മുന്നോട്ടു കൊണ്ടുപോയും കഠിനാദ്ധ്വാനം ചെയ്താണ് എ.ആർ. ഈ പ്രതിസന്ധികളെ ഘട്ടംഘട്ടമായി മറികടന്നത്. എഫ്.എ. കോഴ്സിലെ ഉപഭാഷാപദവിയിൽനിന്ന് മലയാളത്തിന് പ്രാധാന്യമുള്ള സർവ്വകലാശാലവരെയും സർക്കാർ തൊഴിൽ ലഭ്യതയിൽ മുൻഗണന വരെയും വിഭാവനം ചെയ്തുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആസൂ ത്രണപദ്ധതി. ഭാഷയുടെ വികാസത്തെ സമഗ്രമായികണ്ടും അതിനകത്തെ തലങ്ങളെയും തട്ടുകളെയും മുൻഗണനാക്രമത്തിൽ വിന്യസിച്ചും രേഖീയമായി മാത്രം മുന്നോട്ടു കൊണ്ടുപോവാതെ സമാന്തരമായി പ്രവർത്തിച്ചും ഏകോ പിപ്പിച്ചും ആയിരുന്നു അതദ്ദേഹം പ്രാവർത്തികമാക്കിയത്. ഇന്റർമീഡിയറ്റ് കോഴ്സുകളുടെ രണ്ടാംഭാഷാപദവിയിൽനിന്ന് നാട്ടുഭാഷകളെ ഉയർത്താ നാണ് ഭാഷകൾ ഐച്ഛികമായ നാലാംഗ്രൂപ്പ് ഉണ്ടാക്കിയത്. എന്നാൽ വിദ്യാർത്ഥികൾ താൽപര്യം കാണിക്കാതിരുന്നപ്പോൾ അദ്ദേഹത്തിന് ഭാഷാഗ്രൂപ്പിനെ ചരിത്രത്തിന്റെ ഗ്രൂപ്പുമായി കൂട്ടിച്ചേർക്കേണ്ടിവന്നു. 1904-ൽ മദ്രാസ് സർവ്വകലാശാല അതിന്റെ ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിച്ചപ്പോൾ ഭാഷാവിഷയങ്ങളുടെ പദവി വെട്ടിക്കുറച്ചിരുന്നു. നിർബന്ധിതമായി പഠിക്കേ ണ്ട വിഷയം എന്നതിൽനിന്ന് വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്ന ഒന്ന് ആക്കിമാറ്റുകയും മൂല്യനിർണ്ണയത്തിലും മാർക്കിലും ഉണ്ടായിരുന്ന പ്രാധാന്യം വെട്ടിക്കുറയ്ക്കുകയും ചെയ്തു. കൂടാതെ മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കും ഉള്ള വിവർത്തനത്തെ ഉപേക്ഷിക്കു കയും ചെയ്തു. ഭാഷാപഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷയുടെ പഠനത്തിലും പ്രാവീണ്യം നേടാനുള്ള ഉപാധിയായി വിവർത്തനത്തെ കണ്ടിരുന്ന എ.ആ റിന്റെ ശക്തമായ പ്രതിഷേധത്തിന് ഈ തീരുമാനങ്ങൾ കാരണമായി.[16]

എഴുതിയും പ്രസംഗിച്ചും മദ്രാസ് സർവ്വകലാശാലയിലെ സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്ക് കത്തെഴുതി ബോധവത്കരണം നടത്തിയിട്ടും ഫലമുണ്ടായില്ല. തിരുവിതാംകൂറിലും മദ്രാസിലും അദ്ദേഹം പ്രമുഖരെ സംഘടിപ്പിച്ച് പ്രതിഷേധയോഗങ്ങൾ നടത്തി ഒടുവിൽ തിരുവിതാംകൂർ മഹാരാജാവിനെയും ദിവാനെയും കൂട്ടുപിടിച്ചാണ് കുറച്ചു കാര്യങ്ങളെങ്കിലും തിരിച്ചുപിടിക്കാനായത്. മലയാളം ഐച്ഛികമായി ബി.എ.പാസ്സ് കോഴ്സിനു വേണ്ടിയുള്ള ശ്രമങ്ങൾ 1912-ൽ യാഥാർത്ഥ്യമായി. തുടർന്ന് എം.എ.യ്ക്ക് തുല്യമായ ബി.എ.മലയാളം ഓണേഴ്സ് കോഴ്സ് കൊണ്ടുവരാനായിരുന്നു ശ്രമങ്ങൾ. ഈ ഘട്ടത്തിൽ താൻ ഉദ്ദേശിക്കുന്ന വേഗതയിലും ആഗ്രഹിക്കുന്ന തരത്തിലും തന്റെ ഭാഷയ്ക്ക് മദ്രാസ് സർവകലാശാലയുടെ കീഴിൽ ഭാവി ഉണ്ടാവില്ലെന്ന തിരിച്ചറിവാണ് മലയാളികൾക്ക് സ്വന്തമായി ഒരു സർവ്വകലാശാല എന്ന ആശയത്തിലേക്ക് അദ്ദേഹത്തെ എത്തിച്ചത്. പൊതുസമൂഹത്തെ ബോധവത്കരിച്ചും എഴുതിയും പ്രസംഗിച്ചും പൊതുജനാഭിപ്രായം രൂപീകരിച്ചും വളരെ ആസൂത്രിതമായിരുന്നു ഇതിനുവേണ്ടി അദ്ദേഹം നടത്തിയ നീക്കങ്ങൾ. സർവകലാശാല എന്ന യാഥാർഥ്യം പ്രാവർത്തികമാക്കാൻ പറ്റിയ അനുകൂലസാഹചര്യത്തെ കണ്ടെടുക്കുന്നതിൽപോലും അദ്ദേഹത്തിന്റെ നയചാതുര്യം ദർശിക്കാനാവും. തിരുവിതാംകൂർ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി ദിവസമാണ് ഇതിനായി അദ്ദേഹം കണ്ടുവച്ചത്. ഈ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം മഹാരാജാസ് കോളേജിന്റെ വാർഷികത്തിൽ പ്രസംഗിച്ചിരുന്നു.[17] പൊതുസമൂഹത്തെയും ഭരണകേന്ദ്രങ്ങളെയും ബോധവത്കരിച്ചും പ്രീതിപ്പെടുത്തിയും അക്കാദമിക് ആവശ്യങ്ങൾ നേടിയെടുക്കാനുള്ള നയപരമായ ആസൂത്രണം ആയിരുന്നു അദ്ദേഹം നിർവഹിച്ചതെന്ന് കാണാവുന്നതാണ്. കാരണം, യഥാർത്ഥത്തിൽ എ.ആർ. ഒരു സാഹിത്യപ്രതിഭ ആയിരുന്നില്ല. അക്കാലത്ത് വിദ്യാവിനോദിനി മാസിക പ്രസിദ്ധീകരിച്ച സാഹിത്യകാരന്മാരുടെ പട്ടികയിൽ എ.ആർ. ഉൾപ്പെട്ടിരുന്നില്ല. സ്വതന്ത്ര മലയാളം കൃതികൾ കേവലം രണ്ടെണ്ണം മാത്രമായിരുന്നു– മലയവിലാസവും പ്രസാദമാലയും. ഷഷ്ടിപൂർത്തി സമയത്ത് സർവ്വകലാശാല യാഥാർത്ഥ്യമാവാതെ വന്നപ്പോൾ അദ്ദേഹം പ്രസാദമാല എന്ന കവിത എഴുതി മഹാരാജാവിനെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. ഇതുപോലും മലയാളത്തിനുവേണ്ടി ഒരു സർവ്വകലാശാല എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള അടവുനയമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സർവ്വകലാശാല രൂപീകരിക്കാനുള്ള എ.ആറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാരംഭയോഗത്തിനു ശേഷം അടുത്ത യോഗത്തിൽ തീരുമാനം എടുക്കാം എന്നു പറഞ്ഞു പിരിഞ്ഞ

സന്ദർഭത്തിൽ 1918-ൽ ആണ് എ.ആറിന് അകാലചരമം ഉണ്ടാകുന്നത്. അദ്ദേഹത്തിന്റെ അഭാവത്തിൽ ബി.എ. മലയാളം ഓണേഴ്സ് തുടങ്ങാനും തിരുവിതാംകൂർ സർവകലാശാല യാഥാർത്ഥ്യം ആവാനും യഥാക്രമം 1935, 1937വരെ കാത്തിരിക്കേണ്ടിവന്നു.

സർവകലാശാലയുടെ മൂല്യനിർണയസമീപനങ്ങളെയും ചോദ്യകർത്താക്കളുടെ പാണ്ഡിത്യപ്രകടനങ്ങളുടെ നിർമ്മിതികളെയും അദ്ദേഹം നിശിതമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. വിദ്യാർഥികൾക്ക് രചനാ പരിശീലനം നൽകുകയും നല്ല ചോദ്യമാതൃകകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എ.ആർ. തികഞ്ഞ അക്കാദമീഷ്യനായിരുന്നു. ഇതരഭാഷകളുടെ മൂല്യനിർണയം അല്പം ഉദാരമായും മാതൃഭാഷയുടേത് കണിശമായും നിർവഹിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മൂല്യനിർണയസമീപനം.[18] പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ അദ്ദേഹം പുലർത്തിയിരുന്ന സൂക്ഷ്മതയും ജാഗ്രതയും ഭാഷാപഠനത്തെ അതിന്റെ സാകല്യത്തിൽ ദർശിക്കാൻ കഴിഞ്ഞ ക്രാന്തദർശിയുടെ ഇടപെടലുകളാണ്. അച്ചടി പരിമിതവും പണം കൊടുത്തു പുസ്തകം വാങ്ങാനുള്ള മലയാളികളുടെ ശേഷിക്കുറവും നിലനിന്ന കാലഘട്ടത്തിൽ സാഹിത്യരചനകൾ പാഠപുസ്തകമാവുന്നതിലൂടെയാണ് പ്രസാധകർക്കും എഴുത്തുകാർക്കും സാമ്പത്തികലാഭം ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പുസ്തകങ്ങൾ കുമിഞ്ഞുകൂടുമായിരുന്നു. ഊണും ഉറക്കവും ഉപേക്ഷിച്ച് അവയെല്ലാം സൂക്ഷ്മപരിശോധന നടത്തി നിരാശനായി ഇരിക്കുന്ന എ.ആറിന്റെ ചിത്രം ജീവചരിത്രത്തിൽ വരച്ചിട്ടുണ്ട്. സ്ഥാപിത താൽപര്യക്കാർ ബോർഡ് ഓഫ് സ്റ്റഡീസിനെ സ്വാധീനിച്ച് തെരഞ്ഞെടുപ്പുകൾ അട്ടിമറിക്കാൻ ശ്രമിച്ചതിനെ ചെറുത്തുതോല്പിക്കാൻ ബോധവൽകരണവും വിമർശനവും മുതൽ രാജി ഭീഷണിവരെ ഉയർത്തേണ്ടിവന്നിട്ടുണ്ട്. ചുവടെകൊടുത്ത പ്രവർത്തനങ്ങളായിരുന്നു ഭാഷാപഠനത്തിലെ പാഠപുസ്തകങ്ങളുടെ കുറവ് നികത്താൻ എ.ആർ. സ്വീകരിച്ചത്.

1. സംസ്കൃതത്തിൽനിന്ന് മികച്ച കൃതികൾ ഭാഷയിലേക്ക് വിവർത്തനം ചെയ്യുക.
2. നല്ല പുസ്തകപ്രസാധകരെ കണ്ടെത്തി അച്ചടിവേഗം ത്വരിതപ്പെടുത്തുക.
3. നല്ല എഴുത്തുകാരെയും എഴുത്തുകളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
4. ഭാഷയെയും സാഹിത്യത്തെയും വ്യവസ്ഥപ്പെടുത്തുന്ന അടിസ്ഥാനപാഠപുസ്തകങ്ങൾ നിർമ്മിക്കുക.

എ.ആറിന്റെ വിവർത്തനശ്രമങ്ങൾ ഭാഷയിലെ പാഠപുസ്തകകമ്മിയെ മറികടക്കാനുള്ളതായിരുന്നു എന്ന വസ്തുതയെ സാധൂകരിക്കുന്നതാണ് കാളിദാസന്റെ കുമാരസംഭവം വിവർത്തനം. തന്റെ വിവർത്തനത്തിൽനിന്ന് 4-ഉം 8-ഉം സർഗങ്ങൾ ഒഴിവാക്കിയാണ് വിവർത്തനം നിർവ്വഹിച്ചത്. രതി വർണ്ണനകൾ ധാരാളമായി വരുന്ന ആ സർഗ്ഗങ്ങൾ വിവർത്തനത്തിൽ ഉൾപ്പെടുത്തുന്നത് അതിന്റെ പാഠപുസ്തകപദവിക്ക് നിരക്കുന്നതല്ലെന്ന ബോധമാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. 1895-ൽ മേഘസന്ദേശം, മേഘദൂതം എന്നപേരിലും കുമാരസംഭവത്തിലെ 4, 8 സർഗം ഒഴികെയുള്ള ഭാഗങ്ങൾ 1897-ൽ ഭാഷാകുമാരസംഭവം എന്ന പേരിലും 1912-ൽ അഭിജ്ഞാനശാകുന്തളം, മലയാളശാകുന്തളം എന്നപേരിലും 1916-ൽ മാളവികാഗ്നിമിത്രവും 1917-ൽ ശൂദ്രകന്റെ മൃച്ഛകടികവും 1917-ൽ ഭാസന്റെ ചാരുദത്തവും 1918-ൽ സ്വപ്നവാസവദത്തവും വിവർത്തനം ചെയ്തു. സാഹിത്യകൃതികളുടെ തെരഞ്ഞെടുപ്പിൽ പ്രകടിപ്പിച്ച ഔചിത്യം ശ്രദ്ധേയം. സംസ്കൃതത്തിൽനിന്ന് മികച്ചവമാത്രം–കാളിദാസൻ, ഭാസൻ തുടങ്ങിയവരെ സ്വീകരിച്ചതിലുള്ള നിഷ്കർഷയ്ക്കു പിന്നിലുള്ള യാഥാർത്ഥ്യം അവ വിദ്യാർത്ഥിസമൂഹത്തെ ലക്ഷ്യമാക്കി രചിച്ചു എന്നതുകൊണ്ടാണ്.

അക്കാദമികതാൽപര്യങ്ങൾക്കു മുമ്പിൽ മറ്റെല്ലാ വൈകാരികതയേയും മാറ്റിനിർത്താൻ, അക്കാദമിക് എത്തിക്സ് എന്ന് ഇന്നു നാം വിളിക്കുന്ന, അദ്ദേഹം ആർജ്ജിച്ച മൂല്യബോധത്തിന് സാധിച്ചിരുന്നു.

ആട്ടക്കഥകൾക്ക് പാഠ്യപദ്ധതിയിൽ പ്രാമുഖ്യം ഉണ്ടായിരുന്ന അക്കാലത്ത് രചയിതാവ് രാജാവ് ആയതിനാൽ പാഠപുസ്തകപ്രവേശനം കിട്ടിയ ലക്ഷ്മീവിലാസം നാടകത്തെ അക്ഷരാർത്ഥത്തിൽ വലിച്ചെറിയുകയാണ് എ.ആർ. ചെയ്തത്. താമസിയാതെ കാന്താര താരകം എഴുതിയാണ് ആ കുറവ് അദ്ദേഹം നികത്തിയത്. ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയെ ഭാഷാസാഹിത്യ പാഠ്യപദ്ധതിയിൽ ഇന്നുവരെ സ്ഥിരസാന്നിദ്ധ്യം ആക്കിയത് കാന്താരതാരകം വഴി അന്ന് എ.ആർ. നടത്തിയ ഇടപെടലുകളാണ്. മണിപ്രവാളശാകുന്തളത്തിലെ പല വാക്യങ്ങളും കേരളപാണിനീയവ്യവസ്ഥകൾക്കു വിരുദ്ധമായതിനാൽ അമ്മാവന്റെ സമ്മതത്തോടെ എ.ആർ. എഡിറ്റ് ചെയ്യാൻ ശ്രമിച്ചതാണ് തല്പരകക്ഷികൾ വിവാദമാക്കി മാറ്റിയത്. കേരളവർമ്മതന്നെ മാറ്റിയെഴുതി 'കേരളശാകുന്തളം' ആക്കിയെങ്കിലും മാതൃഭാഷാഭിമുഖമായ അക്കാദമിക് കാഴ്ചപ്പാടുകളെ ശക്തിപ്പെടുത്താൻ സംസ്കൃതബഹുലമായ ശൈലിയിൽ രചിച്ച ആ കൃതിക്കായില്ല. എ.ആർ. ഈ പ്രതിസന്ധിയെ മറികടന്നത് കാളിദാസശാകുന്തളത്തെ സ്വന്തമായി 'മലയാളശാകുന്തളം' എന്ന നിലയിൽ വിവർത്തനം

ചെയ്താണ്. ഗുരുവും അമ്മാവനുമായ കേരളവർമ്മയുമായി മരണംവരെ ഹൃദയബന്ധം സൂക്ഷിച്ചിരുന്ന എ.ആറിന് അദ്ദേഹത്തിന്റെ മണിപ്രവാളശാകുന്തളമെന്ന കൃതിയെ പാഠപുസ്തകപദവിയിൽനിന്ന് മാറ്റിനിർത്താൻ ശക്തിനൽകിയത് ഉന്നതമായ അക്കാദമികപ്രതിബദ്ധതയാണ്.

പാഠപുസ്തകങ്ങൾ അതിവേഗം മികച്ച രീതിയിൽ വിദ്യാർത്ഥികളുടെ കൈവശമെത്തണമെങ്കിൽ നല്ലൊരു പ്രസാധകനും മികച്ച അച്ചടിയും ഉണ്ടായേത്തീരുവെന്ന് മനസ്സിലാക്കിയ എ.ആർ. രാജരാജവർമ്മയുടെ കണ്ടെത്തലായിരുന്നു രാമൻമേനോൻ എന്ന പ്രസാധകനും ബി.വി. ബുക്ക്ഡിപ്പോ എന്ന മുദ്രണാലയവും. മലയാളത്തിൽ പാഠപുസ്തക അച്ചടിയുടെ സാംസ്കാരിക പിറവികൂടിയാണ് എ.ആർ. ഇതുവഴി സാധ്യമാക്കിയത്. ഉൽകൃഷ്ടകൃതികളുടെ കുറവ് എപ്പോഴും അദ്ദേഹത്തെ അലട്ടിയിരുന്ന പ്രശ്നമായിരുന്നു.

ഈ ഘട്ടത്തിൽ അദ്ദേഹം നടത്തിയ രണ്ട് ഇടപെടലുകൾ മലയാളസാഹിത്യത്തിന്റെ വളർച്ചയിലെ നിർണായകവഴിത്തിരിവുകളാണ്. സാഹിത്യത്തിലെ ശ്രദ്ധേയമായ ഭാവുകത്വപരിണാമം എന്നതിലുപരി അവ അക്കാദമിക ആവശ്യം കൂടിയായിരുന്നു. മലയാളസാഹിത്യത്തിൽ നിലനിന്ന സവർണ-വരേണ്യാധിപത്യത്തെ തകർക്കാൻ കുമാരനാശാനെ ഉയർത്തിക്കൊണ്ടുവന്നതാണ് ഇതിൽ ആദ്യത്തെ സംഭവം. നളിനിയുടെ അവതാരികയിലൂടെ സംസ്കൃതാചാര്യന്മാരുടെ ലക്ഷ്യലക്ഷണങ്ങളെ യാന്ത്രികമായി പിന്തുടർന്ന് മഹാകാവ്യം എഴുതി മഹാകവിയാവാനുള്ള പ്രവണതയെ പ്രതിരോധിച്ച് ഖണ്ഡകാവ്യങ്ങളിലേക്കും ചെറുകാവ്യങ്ങളിലേക്കും വഴിതിരിച്ചുവിട്ടതാണ് രണ്ടാമത്തെ സംഭവം. അതിദീർഘങ്ങളായ മഹാകാവ്യങ്ങളേക്കാൾ അനതിദീർഘങ്ങളായ ചെറുകാവ്യങ്ങളാണ് സാഹിത്യവിദ്യാർത്ഥികളുടെ അക്കാദമിക ആവശ്യത്തെ നിറവേറ്റുക എന്ന് മറ്റാരേക്കാളും നന്നായി എ.ആറിന് അറിയാമായിരുന്നു.

കലാലയവും പൊതുസമൂഹവുമായുള്ള ബന്ധത്തിന്റെ എക്കാലത്തെയും മികച്ചമാതൃകയാണ് എ.ആർ. സൃഷ്ടിച്ചത്. വിദ്യാർഥികൾക്കുവേണ്ടി കലാലയത്തിന്റെ അകത്ത് എ.ആർ. നടത്തിയ അക്കാദമികപ്രവർത്തനമാണ് മലയാളകവിതയുടെ ജനിതകം മാറ്റിയെഴുതിയ ദ്വിതീയാക്ഷരപ്രാസവാദം ആയി മാറിയതെന്ന് ഓർക്കേണ്ടതാണ്. കലാലയത്തിലെ മലയാളസമാജത്തിന് അധ്യക്ഷനായി കുഞ്ഞിക്കുട്ടൻ തമ്പുരാനെ ക്ഷണിച്ച ദിവസം ഹാളിനകത്ത് കടക്കാൻ തിരക്കു കാരണം പലർക്കും പറ്റിയില്ലെന്നും ഗേറ്റ് കാവൽക്കാർക്ക് കൈക്കൂലി കൊടുത്താണ് ചിലർ അകത്തുകയറിപ്പറ്റിയതെന്നും ജീവചരിത്രത്തിൽ വായിക്കാം.

മലയാളസമാജം എന്ന വിദ്യാർത്ഥി ചർച്ചാവേദിയെ എ.ആർ. വിഭാവനം ചെയ്തതെങ്ങനെ എന്ന് പരിശോധിക്കുന്നത് അദ്ദേഹത്തിന്റെ ആസൂത്രണ വൈഭവവും അക്കാദമിക മികവും തിരിച്ചറിയാൻ ഉതകും.

» ഭാഷാസാഹിത്യ വിഷയജ്ഞാനത്തിന്റെ പുതുക്കലും നവീകരണവും
» അന്തർവൈജ്ഞാനിക-ബഹുവൈജ്ഞാനിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ ഭാഷാസാഹിത്യപഠനത്തിന്റെ അതിരുകൾ വിശാലമാക്കൽ
» വിദ്യാർഥികളെ സൂക്ഷ്മമായി വിലയിരുത്തുന്നതിനുള്ള ഉപാധി
» സാഹിത്യസമാജത്തിൽ കഴിവുതെളിയിച്ച പ്രതിഭാശാലികൾക്ക് കൂടുതൽ വെല്ലുവിളി നിറഞ്ഞ പോഷണപ്രവർത്തനങ്ങൾ
» യഥാർത്ഥ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ഭാഷാനൈപുണികൾ ആർജിക്കാനുള്ള സംവിധാനം (നോട്ടീസ്, അറിയിപ്പ്, പ്രബന്ധം etc.)

അടിസ്ഥാനപാഠപുസ്തകങ്ങളുടെ നിർമ്മാണവും നിർമ്മിതിയിലെ ശാസ്ത്രീയ സമീപനവുമാണ് എ.ആറിന്റെ ഭാഷാസൂത്രണമികവിന്റെ പ്രധാന ദൃഷ്ടാന്തങ്ങൾ. വ്യാകരണം, അലങ്കാരം, വൃത്തം, ഗദ്യം, നിഘണ്ടു (പൂർത്തിയാക്കിയില്ല) എന്നിങ്ങനെ വിവിധ മേഖലകളിൽ അടിസ്ഥാനപാഠപുസ്തകങ്ങൾ നിർമ്മിക്കുക വഴിയാണ് മലയാളത്തെ ഉന്നതവിദ്യാഭ്യാസമേഖലയിലെ സവിശേഷജ്ഞാനവിഷയമായി ഉറപ്പിച്ചെടുക്കുന്നത്. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിൽ അനുഭവപ്പെട്ട പ്രശ്നങ്ങൾക്ക് എ.ആറിലെ അധ്യാപകൻ കണ്ടെത്തിയ പരിഹാരങ്ങൾ ആയിരുന്നു ഈ അടിസ്ഥാന കൃതികൾ. പാഠപുസ്തകനിർമിതിയിൽ അദ്ദേഹം പിന്തുടർന്ന പ്രധാന പ്രക്രിയകളിൽനിന്നും അദ്ദേഹത്തിന്റെ സമീപനത്തിലെ ശാസ്ത്രീയത തിരിച്ചറിയാനാകും.

» ഗവേഷണപഠനങ്ങളിലൂടെ പരമാവധി ദത്തങ്ങൾ സമാഹരിക്കൽ
» ദത്തങ്ങളിൽനിന്നും പാഠഭാഗങ്ങൾ വികസിപ്പിക്കൽ
» പാഠഭാഗങ്ങൾ ഉപയോഗിച്ച് അധ്യാപനം നിർവ്വഹിക്കൽ
» പഠനഫലം പരിശോധിച്ചറിയൽ
» പഠനക്കുറിപ്പുകളെ പാഠപുസ്തകമാക്കി അച്ചടിച്ച് പ്രസിദ്ധീകരിക്കൽ

ഇത് പാഠപുസ്തകനിർമ്മിതിയുടെ മാത്രമല്ല ഇന്ന് ടീച്ചിങ് നോട്സ് എന്ന് വിളിക്കുന്ന പാഠാസൂത്രണത്തിന്റെയും മികച്ച ദൃഷ്ടാന്തങ്ങളാണ്. പഠിപ്പിക്കാൻവേണ്ടി ഇത്രത്തോളം പഠനഗവേഷണങ്ങളിലേർപ്പെട്ടിട്ടുള്ള മറ്റൊരു അധ്യാപകനെ കണ്ടു കിട്ടുക പ്രയാസമാണ്. “മനോരഥത്തിലേറി സഞ്ചരിക്കുമ്പോൾ ചെയ്യാറുള്ള പ്രവൃത്തികളെ പ്രവൃത്തികളായി ഗണിക്കാമെങ്കിൽ സാഹിത്യസാഹ്യം

എഴുതിത്തീർത്തിട്ട് ഇപ്പോൾ ഒൻപതുകൊല്ലം കഴിഞ്ഞിരിക്കുന്നു" (സാഹിത്യ സാഹ്യം, 1989: 13). അദ്ദേഹം നടത്തിയ ക്രിയാഗവേഷണങ്ങളിൽനിന്നാണ് പാഠപുസ്തകങ്ങൾ രൂപപ്പെട്ടതെന്ന നിഗമനത്തെ സാധൂകരിക്കുന്ന പ്രസ്താവനയാണിത്. പാഠ്യപദ്ധതിലക്ഷ്യങ്ങൾ നേടാൻ എ.ആർ. ക്ലാസ്മുറിയിൽ പ്രയോഗിച്ച് ബോദ്ധ്യപ്പെട്ട പാഠങ്ങളാണ് പിന്നീട് പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നത്. ഫീൽഡിൽ പ്രയോഗിച്ചു നോക്കി പഠനഫലത്തെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ മുൻനിർത്തി വിലയിരുത്തിയതിനുശേഷം പാഠപുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിലെ ശാസ്ത്രീയത പാഠപുസ്തക നിർമ്മാണപ്രക്രിയയിലെ തികച്ചും ആധുനികമായ കാഴ്ചപ്പാടാണ്. പാഠപുസ്തകനിർമ്മിതിയിൽ അനുവർത്തിക്കുന്ന ആധുനിക സമീപനമായ ചാക്രികത (Spiraling) എ.ആർ. അന്നേ പ്രാവർത്തികമാക്കിയതിന് മധ്യമവ്യാകരണം ഒന്നാം പതിപ്പിന്റെ മുഖവുര തെളിവുനല്കുന്നു.

"ഒരിക്കൽപ്പറഞ്ഞ സംഗതിയെത്തന്നെ പലപ്രാവശ്യം ആവർത്തിക്കുകയും വ്യത്യസ്തകളെ വിട്ടുകളയുകയും ചെയ്തിട്ടുണ്ട്'."

ഭാഷാധ്യാപകർക്ക് അധ്യാപകപരിശീലനം ലഭ്യമാക്കാനും എ.ആർ. പ്രയത്നിച്ചെങ്കിലും അന്നത്തെ കോളനിഭരണം അതനുവദിച്ചില്ല.

താഴ്ന്ന തലം മുതൽ ഉയർന്നതലം വരെ അഥവാ സ്കൂൾ തലം മുതൽ സർവകലാശാലാതലംവരെയുള്ള വ്യാകരണപഠനത്തെ വിഭാവനം ചെയ്ത് താഴ്ന്ന ക്ലാസ്സുകൾക്ക് പ്രഥമവ്യാകരണം, മിഡിൽ സ്കൂളുകാർക്ക് മദ്ധ്യമവ്യാകരണം ഹൈസ്കൂൾ വിദ്യാർഥികൾക്ക് ശബ്ദശോധിനി സ്കൂൾഘട്ടം കഴിഞ്ഞാൽ കേരളപാണിനീയം എന്നിങ്ങനെ ക്രമാനുഗതമായും ചാക്രികമായും വികസിക്കുന്ന വ്യാകരണപഠനത്തെ തിട്ടപ്പെടുത്താൻ കഴിഞ്ഞത് കേരളപാണിനിയുടെ വലിയനേട്ടമായിരുന്നു. മലയാള വ്യാകരണപഠനത്തിന് അതിനുമുമ്പ് ഉണ്ടായിരുന്ന ഗാർത്തുവെയിറ്റ് സായിപ്പിന്റെ വിരസമായ വ്യാകരണപാഠപുസ്തകത്തിൽനിന്ന് വിദ്യാർഥികൾ മോചിതരായത് ഇതോടെയാണ്. എ.ആർ. രാജരാജവർമ്മയുടെ വ്യാകരണ-വൃത്താലങ്കാരകൃതികൾ പുറത്തുവന്നതുമുതൽ മലയാളഭാഷാസാഹിത്യത്തിന്റെ ബിരുദ-ബിരുദാനന്തരബിരുദ ക്ലാസുകളിൽ ഇന്നുവരെ അതുതന്നെയാണ് പാഠപുസ്തകം. വ്യാകരണ-വൃത്താലങ്കാരങ്ങളിൽ എ.ആർ. കൃതികളുടെ അപ്രമാദിത്വം ചോദ്യം ചെയ്യപ്പെടാതെ വർത്തമാനകാലത്തും നിലനില്ക്കുന്നുവെന്നത് വസ്തുതയാണ്.

## 4. ഭാഷാഭിമാന ആസൂത്രണം (Prestige Planning)

ഭാഷയോട് ഭാഷകസമൂഹവും ഇതര സമൂഹവും പുലർത്തുന്ന മനോഭാവം ആണ് ഇവിടെ പരിഗണനവിഷയം.[19] ഭാഷയോട് അനുകൂല മനോഭാവം വളർത്തലും

നിലനിർത്തലുമാണ് ലക്ഷ്യം. കൃത്രിമമായിപോലും ഭാഷയെ ആവശ്യക്കാരുള്ള വിഭവമായി നിലനിർത്താൻ ശ്രമിക്കുന്നു. സമ്പന്നമായ സാഹിത്യസമ്പത്ത്, പൈതൃകം, ശ്രേഷ്ഠഭാഷാപദവി, ലോകഭാഷാഭൂപടത്തിലെ സ്ഥാനം, സംസാരിക്കുന്നവരുടെ എണ്ണവും ശതമാനവും, ആഗോളസാധ്യതകൾ, ഭാഷകൾ തമ്മിലുള്ള കൊള്ള കൊടുക്കലുകളിലെ മേൽ-കീഴ് ബന്ധങ്ങൾ, ഉപയോഗിക്കുന്നവരുടെ പദവി, ഭാഷയ്ക്കകത്തെ ഉച്ചനീചത്തങ്ങളും ഭാഷാഭേദങ്ങളോടുള്ള സമീപനവും എന്നിങ്ങനെ വ്യത്യസ്തമായ ഘടകങ്ങളോടുള്ള മനോഭാവത്തെയാണ് ഈ ആസൂത്രണം അഭിമുഖീകരിക്കാൻ ശ്രമിക്കുന്നത്.

ഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്തു പഠിക്കുന്നവർക്ക് നല്ല തൊഴിലോ ഉയർന്ന ജീവിതനിലവാരമോ ലഭ്യമാവില്ലെന്നും അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം വളരെ പരിതാപകരം ആയിരിക്കുമെന്നും ഉള്ള വിശ്വാസം ഇന്നെന്നപോലെ അന്നും നിലനിന്നിരുന്നു. ഈ വിശ്വാസം അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കാൻ തന്നാലാവുംവിധം എ.ആർ. പരിശ്രമിച്ചിരുന്നു. സ്വന്തം ജീവിതംകൊണ്ട് ഭാഷാധ്യാപകന് എവിടംവരെ എത്താമെന്നും എന്തൊക്കെയാകാമെന്നും തെളിയിക്കുക മാത്രമല്ല ഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്ത തന്റെ ശിഷ്യരെക്കൊണ്ട് അത് തെളിയിക്കാനും അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ ക്ലാസിലിരുന്ന വിദ്യാർത്ഥികൾ വലിയ എഴുത്തുകാരും പത്രപ്രവർത്തകരും പ്രഗത്ഭരായ അദ്ധ്യാപകരും ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരും ആയിമാറിയത് ചരിത്രവസ്തുതയാണ്. സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, താടകാവധം ആട്ടക്കഥയെഴുതിയ വി. കൃഷ്ണൻതമ്പി, പട്ടം കൊച്ചുകൃഷ്ണപിള്ള, എച്ച്. രാമസ്വാമി അയ്യർ, പി. അനന്തൻ പിള്ള, ഇ.വി. കൃഷ്ണപിള്ള, ചേലനാട്ട് അച്യുതമേനോൻ, ചീഫ് സെക്രട്ടറി വരെയായ ജി.എൻ. തമ്പി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവർ ഏതാനും ഉദാഹരണങ്ങൾ മാത്രം.

1912-ൽ മലയാളം ഐച്ഛികമായി ബിരുദപഠനം തുടങ്ങാനുള്ള അനുമതി അന്നത്തെ ബ്രിട്ടീഷ് കൊളോണിയൽ സർക്കാരിൽനിന്ന് പിടിച്ചുവാങ്ങിയപ്പോൾ കൃഷ്ണൻ തമ്പി എന്ന (താടകവധം ആട്ടക്കഥയുടെ കർത്താവ്) ഒരൊറ്റ വിദ്യാർത്ഥി മാത്രമാണ് ചേരാൻ ഉണ്ടായിരുന്നത്. 1914-ലും 1916-ലും ചേരാൻ ആരും ഉണ്ടായിരുന്നില്ല. 1907-ൽ ഇന്നത്തെ പ്ലസ്ടുവിന് തുല്യമായ അന്നത്തെ ഇന്റർമീഡിയറ്റ് കോഴ്സിന് എ.ആറിന്റെ പരിശ്രമഫലമായി ഭാഷാഗ്രൂപ്പ് അനുവദിച്ചു കിട്ടിയിരുന്നെങ്കിലും വിദ്യാർഥികൾ

താല്പര്യം കാണിക്കാതിരുന്നത് പ്രതിസന്ധി സൃഷ്ടിച്ചു. പ്രായോഗികമതിയായ അദ്ദേഹം ഇതിനെ നേരിട്ടത് ചരിത്ര, ഭാഷാഗ്രൂപ്പുകൾ സമന്വയിപ്പിച്ചുകൊണ്ട് ആയിരുന്നു. ഭാഷാസൂത്രണത്തിലെ കൃത്രിമമായി ആവശ്യം ഉണ്ടാക്കുക എന്ന പ്രക്രിയയെ അന്നേ എ.ആർ. സാധിച്ചതായി നമുക്കിന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഭാരതീയരായ അധ്യാപകരോട് സാമാന്യമായും ഭാരതീയ ഭാഷാഅധ്യാപകരോട് പ്രത്യേകിച്ചും ബ്രിട്ടീഷ് സർക്കാരും വിദേശികളായ അധ്യാപകരും, ഇംഗ്ലീഷുകാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന സെനറ്റ്, സിണ്ടിക്കേറ്റ് തുടങ്ങിയ യൂണിവേഴ്സിറ്റി അക്കാദമിക സംവിധാനങ്ങളും കടുത്ത വിവേചനമാണ് പുലർത്തിയിരുന്നത്. ഈ വിവേചനങ്ങളെ ഇഞ്ചോടിഞ്ചു നേരിട്ടാണ് എ.ആർ. മലയാളമെന്ന ഭാഷയെ ഉന്നതവിദ്യാഭ്യാസമേഖലയിലെ അന്തസ്സുള്ള അക്കാദമികവിഷയമായി സ്ഥാപിച്ചെടുക്കുന്നതും നാട്ടുഭാഷാധ്യാപകനെ പ്രിൻസിപ്പാൾ തസ്തികയിലേക്കും വേതനതുല്യതയിലേക്കും എത്തിക്കുന്നതും.

വെള്ളക്കാർ അവരുടെ കുത്തകയാക്കിവെച്ചിരുന്ന പ്രൊഫസർ സ്ഥാനം നാട്ടുഭാഷാധ്യാപകന് കിട്ടാൻവേണ്ടി ഏ.ആറിന് ശ്രീമൂലം തിരുനാൾ മഹാരാജാവിനെയും അദ്ദേഹത്തിന്റെ ദിവാനായിരുന്ന സി. രാജഗോപാലാചാരിയെയും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അവരുടെ സഹായം സ്വീകരിക്കേണ്ടിവന്നിരുന്നു. അങ്ങനെയാണ് ആദ്യമായി ഒരു ഭാരതീയൻ വെള്ളക്കാരോടൊപ്പം 'പ്രൊഫസർ' എന്ന തുല്യപദവിയിലേക്കെത്തുന്നത്. ആ പദവിക്ക് ആദ്യമായി അർഹമാവുന്നത് മറ്റു മാനവിക-ശാസ്ത്രവിഷയങ്ങളെയും ഭാരതീയരായ അദ്ധ്യാപകരെയും പിന്തള്ളി നാട്ടുഭാഷയും ഭാഷാധ്യാപകനാണെന്നത് ഭാഷയ്ക്കും ഭാഷാധ്യാപകർക്കും എക്കാലത്തും അഭിമാനകരമായ ചരിത്രസന്ദർഭമാണ്. പ്രൊഫസർമാരുടെ മുറിയിൽ സ്ഥാനം, എഴുത്തുകുത്തുകൾ സൂക്ഷിക്കുന്ന പെട്ടിയുടെ താക്കോൽ, വിലപിടിച്ച ഉപകരണങ്ങൾ തുടങ്ങി സായിപ്പിന്റെ അന്തസ്സിന്റെ അടയാളങ്ങൾ ഏ.ആറിലേക്കെത്തിയതിനെക്കുറിച്ച് അനന്തൻപിള്ള പറയുന്നു, "ഹൂണിയോടൊപ്പം ഗൈർവാണിയും ദ്രാവിഡിയും ഒരുമിച്ചു വസിക്കുന്നതു കാണുവാനുള്ള അസഹിഷ്ണുതയാൽ ചില സായ്പന്മാർ സ്ഥലം മാറേണ്ടതായി വന്നു. കോളേജിന്റെ തെക്കുഭാഗത്തായി കമനീയമായ വിശ്രമഗൃഹം ഒന്ന് ഉടനടി വിശ്വകർമ്മാവിന്റെ വൈഭവത്താലെന്നപോലെ ഉദ്ധൃതമായി" (കേരളപാണിനി, 1934:112).

കുറഞ്ഞവേതനം, കൂടുതൽ ജോലി ഭാരം, പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കൽ, ആത്മാഭിമാനം വ്രണപ്പെടുത്തൽ, അധികാര സ്ഥാനങ്ങളിൽ നിന്ന്

അകറ്റിനിർത്തൽ, തസ്തിക നികത്താതിരിക്കൽ, പദവികൾ നിഷേധിക്കൽ, യോഗങ്ങളിലേക്ക് ക്ഷണിക്കാതിരിക്കലും കോളേജ് കൗൺസിൽ പോലുള്ള ഭരണസംവിധാനങ്ങളിൽനിന്ന് മാറ്റിനിർത്തലും, ഉപകരണങ്ങളും സൗകര്യങ്ങളും മറ്റ വിഭവങ്ങളും പങ്കുവയ്ക്കാതിരിക്കൽ, അറിയിപ്പകളിൽ ഒപ്പിടാതിരിക്കൽ, പേപ്പറുകൾ അയക്കാതിരിക്കൽ,ചട്ടങ്ങളും നിയമങ്ങളും കൊണ്ട് വളർച്ചയും പുരോഗതിയും തടയൽ എന്നിങ്ങനെ താഴെത്തട്ടിൽനിന്ന് മേൽത്തട്ട് വരെ വിവിധ രീതിയിൽ വിവേചനങ്ങൾ നിലനിന്നിരുന്നു. 1896-ൽ ജോലിയിൽ പ്രവേശിച്ച് 1918-ൽ ജോലിയിലിരിക്കെ മരണമടയുന്നത് വരെയുള്ള 22 വർഷക്കാലം എ.ആർ. നടത്തിയത് ഭാഷയ്ക്കും ഭാഷാധ്യാപകനും വേണ്ടിയുള്ള നിരന്തര പോരാട്ടം ആണ്. അദ്ദേഹത്തിന്റെ മക്കളായ ഭാഗീരഥി അമ്മ തമ്പുരാനും എം രാഘവ വർമ്മ തമ്പുരാനും ചേർന്നെഴുതിയ എ.ആർ. രാജരാജവർമ്മ എന്ന ജീവചരിത്ര കൃതിയിലും അദ്ദേഹത്തിന്റെ ശിഷ്യനായ അനന്തൻപിള്ളയുടെ 'കേരളപാണിനി' എന്ന ജീവചരിത്രകൃതിയിലും ഈ പോരാട്ടങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി വായിച്ചെടുക്കാവുന്നതാണ്.

മലയാളം വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനത്തിൽ സംശയിക്കുകയും മുൻവിധി വെച്ചുപുലർത്തുകയും അങ്ങനെ ഇടപെടുകയും ചെയ്ത ഇംഗ്ലീഷ് പ്രൊഫസർ സ്ലാസിനെ പറ്റി വിദ്യാർത്ഥികൾ എ. ആറിനോട് പരാതി പറഞ്ഞപ്പോൾ അദ്ദേഹം അവരോട് ആവശ്യപ്പെട്ടത് നന്നായി പരീക്ഷയെഴുതി കഴിവ് തെളിയിക്കാനാണ്. Phonetics-ന്റെ Selection test-ൽ ഒന്നാംറാങ്കും ഉന്നതവിജയങ്ങളും മലയാളംവിദ്യാർത്ഥികൾ നേടിയപ്പോൾ സ്ലാസിന് പശ്ചാത്തപിക്കേണ്ടി വന്നിരുന്നു.

സംസ്കൃതകോളേജിന്റെ ഇൻസ്പെക്ടറും പ്രിൻസിപ്പാളും ഒക്കെയായി ജോലി ചെയ്ത സമയത്ത് സഹപ്രവർത്തകരുടെ പ്രത്യേകിച്ചും സംസ്കൃതാധ്യാപകരുടെ ഭാഷാസങ്കുചിതത്വം തിരിച്ചറിഞ്ഞ എ.ആർ. അത് മാറ്റാനായി ചെയ്തത് തീയേറ്ററിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയായിരുന്നു. ഗൈർവാണീവിജയം എന്ന നാടകം എഴുതി വിദ്യാർഥികളെ പരിശീലിപ്പിച്ച് എല്ലാവരുടെയും മുന്നിൽ നാടകം അവതരിപ്പിക്കുകയായിരുന്നു. ഇംഗ്ലീഷ്-സംസ്കൃതഭാഷകളെ രണ്ട് മക്കളായി ചിത്രീകരിച്ച് ഓരോ ഭാഷയുടേയും ശക്തിയും പരിമിതിയും തിരിച്ചറിയാൻ ഉതകുന്ന തരത്തിൽ ചിട്ടപ്പെടുത്തിയതായിരുന്നു നാടകം. മനോഭാവമാറ്റം ഉണ്ടാക്കുന്നതിൽ തിയേറ്ററിന് ഉള്ള ശേഷി ലോകം മുഴുവൻ അംഗീകരിച്ചതാണല്ലോ. 'ബോധനനാടകവേദി' എന്ന സങ്കല്പമാണ് ഇവിടെ യാഥാർഥ്യമാവുന്നത്. ഭാഷാഭിമാനം എന്നത് അവസരം, തൊഴിൽ,

ജീവിതനിലവാരം, പദവി എന്നിവയുമായെല്ലാം ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണെന്ന് എ.ആറിന് നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഭാഷാധ്യാപകരടക്കമുള്ള ഭാരതീയരായ അധ്യാപകർക്കും ഇംഗ്ലീഷുകാരായ അധ്യാപകർക്ക് നൽകുന്ന ശമ്പളതുല്യതയ്ക്കായി പോരാടുകയും നേടിയെടുക്കുകയും ചെയ്തത്. ഭാഷാക്ലബ്ബുകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം, ഭാഷ ഐച്ഛികമായ ബിരുദകോഴ്സുകൾ, ഭാഷാധ്യാപകർക്കും വൈസ് പ്രിൻസിപ്പാൾ - പ്രിൻസിപ്പാൾ പദവി, അക്കാദമികബോർഡുകളിലും കൗൺസിലിലും മറ്റ ഭരണസമിതിയോഗങ്ങളിലും പ്രാതിനിധ്യം എന്നിവയെല്ലാം പൊരുതിനേടി ഭാഷാധ്യാപനം എന്നത് നല്ല വേതനം ഉള്ള അന്തസ്സുള്ള തൊഴിലായി രൂപാന്തരപ്പെടുകയും ചെയ്തു. ഗുണനിലവാരമുള്ള ഭാഷാപഠനം എന്നത് സേവന-വേതന വ്യവസ്ഥകളും ആയി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണെന്ന നല്ല ബോധ്യം എ.ആറിനുണ്ടായിരുന്നു.

## കുറിപ്പുകൾ

1. മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1935-1950
2. "Corpus planning deals with norm selection and qualification, as in the writing of grammars and the standardization of spelling status planning deals with initial choice of language, including attitude toward alternative languages and the political implications of various choices" Bright, 1992, P.311.

   Language planning refers deliberate efforts to influence the behaviour of others with respect to the accusation, structure, or functional allocation of their language codes. Cooper, 1989: P45
3. സംസ്കൃത പദപ്രയോഗം, ഭാഷാപോഷിണി, 1081, തുലാം, പുസ്തകം - 10. ലക്കം 3. 4 (എ.ആർ. വിജ്ഞാനീയം, പുറം 111)
4. എൽ.വി.രാമസ്വാമി അയ്യർ, കേരളപാണിനീയക്കുറിപ്പുകൾ, മലയാളവിമർശം 12, ജൂലായ് 91, ജൂൺ 92,(കേരളപാണിനീയ വിജ്ഞാനം 2, പുറം 55)
5. എസ്.വി. ഷണ്മുഖം, വിവ .ടി.ബി.വേണുഗോപാലപണിക്കർ, തജരാജവർമ്മയുടെ ഭാഷാബോധം, കേരളപാണിനീയ പീഠികാപഠനം ഭാഷാശാസ്ത്ര വീക്ഷണത്തിൽ 2012 (കേരളപാണിനീയ വിജ്ഞാനം 2, പുറം 88)
6. ലിപിവിന്യാസം, ഭാഷാപോഷിണി. 1080, മേടം, പുസ്തകം - 9, ലക്കം - 9, (എ.ആർ. വിജ്ഞാനീയം, പുറം 103 -109)
7. എ.ആർ, സഭോദ്ദേശ്യസിദ്ധി. വിദ്യാവിനോദിനി, 1070. വൃശ്ചികം.പുസ്തകം -4. ലക്കം -2 (എ.ആർ.വിജ്ഞാനീയം, പുറം, 90-93 ).
8. എ.ആർ ചില പരീക്ഷാപത്രങ്ങൾ, ഭാഷാപോഷിണി, 1074, മിഥുനം, പുസ്തകം3,

ലക്കം 11, (എ.ആർ.വിജ്ഞാനീയം, പുറം, 81-86 ).

9. "Language planning refers to activities that attempt to bring about changes in the structure (corpus) and functions (the status) of languages and/ or extra linguistic problems at the national, International or community level" CF. Cooper, 1989, PP-30-31.

10. എ.ആർ. മലയാളഭാഷാപോഷണം, പ്രബന്ധസംഗ്രഹം. 1112, (എ.ആർ. വിജ്ഞാനീയം, പുറം 87 -89).

11. ഭാഷാപരിഷ്കാരം. ഭാഷാപോഷിണി, 1077, കുംഭം പുസ്തകം - 6. ലക്കം - 7, (എ. ആർ.വിജ്ഞാനീയം, പുറം. 94 -102).

12. എ.ആർ. തമ്പുരാന്റെ ഒരു അപ്രസിദ്ധ കൃതി, ഗ്രന്ഥാലോകം, 1974 ജൂൺ, വാല്യം 26, ലക്കം 6 (എ.ആർ.വിജ്ഞാനീയം, പുറം 80).

13. ഗംഗാധരൻ എം., അവതാരിക, മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. വചനം ബുക്സ് കോഴിക്കോട്, 2017.

14. മഹാരാജാസ് കോളേജ് ജൂബിലി ആഘോഷ പ്രസംഗം (പുറം 71, എ.ആർ. വിജ്ഞാനീയം). "നമ്മുടെ ആവശ്യങ്ങൾക്കും ആദർശങ്ങൾക്കും മേൽഗതിക്കും അനുരൂപമായി യഥാകാലം ഒരു കേരളീയ സർവ്വകലാശാല ഇവിടെ സ്ഥാപിതമാകുമെന്ന് ആശിക്കാം. മലയാളഭാഷ സംസാരിക്കുന്ന രാജ്യം ഒട്ടുക്കുള്ള വിദ്യാർത്ഥികളെ അത് ആകർഷിക്കുകയും പൗരസ്ത്യ പാശ്ചാത്യങ്ങളായ വിശ്വജനീനാദർശങ്ങളെ പുരസ്കരിച്ച് അത് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്" (അനന്തൻ പിള്ള, പി. കേരളപാണിനി, തിരുവനന്തപുരം : ബാലൻ പ്രസിദ്ധീകരണങ്ങൾ,1934. പുറം - 143).

15. പ്രകാശൻ പി.പി. 2014: മലയാള ഭാഷാ സാഹിത്യപഠനം–സാംസ്കാരികവും രാഷ്ട്രീയവുമായ വിശകലനം പി.എച്ച്.ഡി. ഗവേഷണപ്രബന്ധം, ശ്രീ ശങ്കരാചാര്യസംസ്കൃത യൂണിവേഴ്സിറ്റി, കാലടി .

16. കോളേജ് വാർഷികത്തിലെ അധ്യക്ഷപ്രസംഗത്തിലും അദ്ദേഹം വിവർത്തനത്തിനു വേണ്ടി വാദിച്ചു. "വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷകളിൽ പദപരിചയം വർദ്ധിക്കുന്നതിനും ആവക ഭാഷകളിലെ സാഹിത്യം പോഷിപ്പിക്കുന്നതിനും ഭാഷാന്തരം ഇംഗ്ലീഷിൽ നിന്നു നാട്ടുഭാഷയിലേക്കും മറിച്ചും ഒരു നിർബന്ധവിഷയമായി ഇന്റർമീഡിയേറ്റ് ക്ലാസിൽ ഏർപ്പെടുത്തുന്നതു നന്നായിരിക്കും" (കേരളപാണിനി, 1934: 140).

17. നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ കനകജൂബിലി പ്രസംഗത്തിൽനിന്ന് "കേരളമണ്ഡലത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ അനന്തശയനത്തിൽ ഒരു മലയാള വിദ്യാമന്ദിരം (സർവ്വകലാശാല) അചിരേണ പ്രതിഷ്ഠാപിതമായിക്കാണുന്നതിനുള്ള പ്രത്യാശയേ ഈ അവസരത്തിൽ മഹാജനസമക്ഷം വെളിപ്പെടുത്താതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല." (അതേപുസ്തകം, പുറം - 60)

18. "മലയാളത്തിലായിരുന്നു എങ്കിൽ അനന്തൻപിള്ളയ്ക്ക് ഒന്നാംക്ലാസ്സിൽ ജയിക്കാനുള്ള മാർക്കു കിട്ടുമോ എന്ന് സംശയമാണ്. ഉത്തരക്കടലാസു പരിശോധിക്കുമ്പോൾ അത്ര വളരെ നിഷ്കർഷ വയ്ക്കണമെന്നു തോന്നിപ്പോകുന്നു, അതു

നമ്മുടെ ഭാഷയല്ലേ? അതുകൊണ്ടായിരിക്കാം" (കേരളപാണിനി,1934:159).

19. "members of the targeted speech community develop a positive attitude toward it." Hearman, International Journal of the sociology of language, 86 :103-126, 1990.

## ആധാരസൂചി

20. അനന്തൻപിള്ള പി, 1934: കേരളപാണിനി, ബാലൻ പ്രസിദ്ധീകരണങ്ങൾ, തിരുവനന്തപുരം.

21. ചന്ദ്രികാ ശങ്കരനാരായണൻ, 1985: എ.ആർ. രാജരാജവർമ്മ മലയാളത്തിന്റെ രാജശില്പി, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

22. പ്രകാശൻ പി. പി. 2014: മലയാള ഭാഷാ സാഹിത്യപഠനം - സാംസ്കാരികവും രാഷ്ട്രീയവുമായ വിശകലനം പി. എച്ച്. ഡി. ഗവേഷണ പ്രബന്ധം, ശ്രീ ശങ്കരാ ചാര്യസംസ്കൃത യൂണിവേഴ്സിറ്റി, കാലടി .

23. ഭാഗീരഥി അമ്മ തമ്പുരാൻ എം., രാഘവവർമ്മ രാജാ എം, 1956: എ.ആർ. രാജ രാജവർമ്മ - ഭാഗം ഒന്ന്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

24. -------- "1961" ഭാഗം രണ്ട്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

25. --------- "1963" ഭാഗം മൂന്ന്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

26. ശ്രീനാഥൻ എം., സെയ്തലവി സി. (എഡിറ്റർമാർ), 2017: .എ.ആർ. വിജ്ഞാനീയം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.

20. Bright, w., 1992: Language Policy, International Encyclopaedia of Linguistics vol. lV 310- 3 11

21. Cooper, R.L., 1989: Language planning and social change, Cambridge University Press, England.

22. Rajaraja Varma, M., Atribute to a great soul being a pen picture of professor

23. R. Raja Raja Varma, M.A., Trivandrum: The Reddiar press, 1935.

## Websites

24. cal.org/areas of impact/ language -planning policy

25. slideshare.net /mobile/ Ayesha afzal 11/ language- planning- 900540342

link. springer.com,Nikonko M.K Kamwangamala response to the language question in Africa?

*muhamedbasheerkk@yahoo.co.in*